മാർച്ച് 2021

സുവിശേഷപ്രകാശിനി

ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം വെളി. 1:9

എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും;
അവർ കഴുകന്മാരെപ്പോലെ ചിറക് അടിച്ചു കയറും; (യെശ. 40:31)

"സുവിശേഷ പ്രകാശിനി പബ്ലിക്കേഷൻ" പ്രസിദ്ധീകരണം

പളനി മിഷൻഫീൽഡിലെ ദൃശ്യങ്ങൾ

ജനറൽ കൺവൻഷൻ ക്വയർ – 2021

RNI .REG.NO KERBIL/2000/3133, **Registered. KL/TLA/104/2021-23**

SUVISESHA PRAKASINI

MANJADI P.O., THIRUVALLA, KERALA - 689 105,
Sabha Office Ph: 0469-2601384, 2631851
Ph: 0469- 2631761, E-mail:- prakashini@steci.org

Vol. XXI മാർച്ച് - 2021 ലക്കം-3

ഇതളുകൾ വിരിയുമ്പോൾ

Page

പ്രിസൈഡിംഗ് ബിഷപ്പിന്റെ കത്ത് 4
പത്രാധിപ ചിന്തകൾ 6
സഭാസെക്രട്ടറിയുടെ കത്ത് 8
An Opportunity 10
യേശുവിന്റെ രക്തത്തിന്റെ 12
സുവിശേഷവിഹിത വിശ്വാസി 14
Christian Stewardship 17
ഇടയന്റെ സാമീപ്യം 20
കർത്താവ് തനിക്കുള്ളവരെ അറിയുന്നു 22
പരാജയങ്ങളുടെ ചവിട്ടുപടിയിലൂടെ 24
ജൂബിലി മെമ്മോറിയൽ 26
സഭയുടെ ബോർഡ് പ്രവർത്തനങ്ങളിലൂടെ ... 27
Diamond Jubilee Projects 29
പ്രകാശരേഖ 30
നിത്യതയിൽ 33

Layout &Cover Design by :
Layout &Cover Design by :
GRAPHIC DESIGNERS, KTM

For ONLINE remittance please mention " Registration Number" of subscribers

Bank Details

A/c No.	:	0079053000021039
Bank Name	:	South Indian Bank, Thiruvalla
A/c Name	:	Suvisesha Prakashini
IFSC Code	:	SIBL0000079
MICR Code	:	689059004

SUVISESHA PRAKASINI PUBLICATION TRUST

Most Rev. Dr. Thomas Abraham (President)
Dr. Mathews M George (Chief Editor)
Rev. Samuel Y. (Associate Editor)
Very. Rev. C. K. Jacob
Rev. Abraham George
Mr. K. C. Thomas
Mr. George Varghese
Mr. Sunnykutty Abraham
Dr. Binu C John
Prof. Abraham George
Mr. George Philip (Manager cum Secretary)

Chief Editor : Dr. Mathews M. George
Mob: 9447563236,0468-2317820
E-mail: mathewjas@gmail.com
Manager : George Philip
Mob: 9562205265
georgegeorg@hotmail.com
Executive Assistant : Suja Soju
Ph: 9447554618, 7907378824
Ph: 0469 - 2631761

പ്രസിദ്ധീകരണത്തിനുള്ള മാറ്ററുകൾ ചീഫ് എഡിറ്റർ, സുവിശേഷ പ്രകാശിനി, മഞ്ഞാടി പി.ഒ., തിരുവല്ല - 689 105 എന്ന വിലാസത്തിൽ എത്തിക്കുക. എല്ലാ മാസവും 10നു മുമ്പു ലഭിക്കുന്ന വാർത്തകൾ മാത്രമേ അടുത്ത മാസത്തെ മാസികയിൽ ചേർക്കുകയുള്ളു. ലേഖനങ്ങൾ പ്രകാശിനിയുടെ രണ്ട് പേജിൽ കവിയരുത്. ഇംഗ്ലീഷ് മാറ്ററുകൾ ടൈപ്പ് ചെയ്ത് അയയ്ക്കേണ്ടതാണ്. **ലേഖനത്തിൽ വരുന്ന ഭാഷാവിഷ്കാരത്തിനും ആശയത്തിനും പൂർണ്ണ ഉത്തരവാദിത്വം ലേഖനകർത്താവിനു മാത്രമായിരിക്കും.**

പണസംബന്ധമായ സകല ഇടപാടുകളും മാനേജരുടെ പേരിൽ മാത്രം.

വരിസംഖ്യ

	പ്രതിവർഷം	15 വർഷത്തേക്ക്
ഇന്ത്യയിൽ	Rs.100/-	Rs.1400/-
ഇന്ത്യയ്ക്കു വെളിയിൽ	US $25	US $200

Published by Thomas Varghese, Printed by Thomas Varghese, On behalf of Suvisesha Prakasini Publication and Printed at Puthethu Offset Printing Press, Chengannur- 689 124, Kerala and Published from Manjadi, Thiruvalla, Editor Thomas Varghese

പ്രിസൈഡിംഗ് ബിഷപ്പിന്റെ കത്ത്

കർത്താവിൽ പ്രിയരെ,

"എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളെടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു. എന്ന് അരുളിച്ചെയ്ത യേശുകർത്താവിന്റെ നിസ്തുല്യ നാമത്തിൽ ഏവർക്കും സ്നേഹവന്ദനങ്ങൾ.

തന്റെ പരസ്യ ശുശ്രൂഷയിൽ എത്ര അധികം തിടുക്കത്തോടെയാണ് അരുമനാഥൻ ദൈവരാജ്യത്തിന്റെ അനുഗ്രഹ അനുഭവങ്ങളിലേക്ക് ദൈവത്തിൽ നിന്ന് അന്യപ്പെട്ടുപോയവരെ ചേർത്തു പിടിച്ചതും സൗഖ്യമാക്കിയതും ആശ്വസിപ്പിച്ചതും. പിന്നീടൊരുനാൾ തള്ളപ്പെട്ടുപോയ ഏവർക്കും പാപത്തിന്റെ ശിക്ഷാവിധിയിൽ നിന്നും മോചനം നൽകി ദൈവരാജ്യത്തിന്റെ വാതിൽ അവർക്കായി തുറപ്പാൻ തിരുവെഴുത്തുകളുടെ നിവൃത്തിയായി കാൽവറിയിലേക്ക് മരക്കുരിശുമായി പോയതും മുൾക്കിരീടം ചൂടിയതും അടിയും ഇടിയും ഏറ്റതും ക്രൂശിൽ പിടഞ്ഞു മരിച്ചതും.

ദൈവഭവനത്തിൽ നിന്നും ദൈവവുമായുള്ള ബന്ധത്തിൽ നിന്നും അന്യപ്പെട്ടുപോയ മനുഷ്യ വർഗ്ഗത്തെ ദൈവഭവനത്തിലെ സന്തോഷ അനുഭവങ്ങളിലേക്ക് മടക്കിക്കൊണ്ടുവരുന്ന ശുശ്രൂഷയാണല്ലോ സുവിശേഷ വേല. സകല മനുഷ്യ വർഗ്ഗത്തിനുവേണ്ടിയും കരുതുന്ന ഒരു രക്ഷകൻ ഉണ്ട് എന്ന സദ്വർത്തമാനം ഏവരോടും അറിയിക്കുവാനുള്ള കടപ്പാട് എല്ലാ വിശ്വാസികൾക്കുമുണ്ട്. ''സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ'' എന്ന ശ്രേഷ്ഠ നിയോഗമാണ് ഉയിർത്തെഴുന്നേറ്റവനായ കർത്താവ് നമുക്ക് നൽകിയത്. നാം അനുഭവിക്കുന്ന ആത്മീയ സന്തോഷത്തിന്റെയും വീണ്ടെടുപ്പിന്റെയും അനുഭവത്തിലേക്ക് മറ്റുള്ളവരെയും കൂട്ടിവരുത്തുവാൻ ഇറങ്ങിത്തിരിക്കുമ്പോൾ അതുചെയ്യാൻ കഴിയുന്നത് ആളാംപ്രതി സുവിശേഷ വേല, സുവിശേഷ പ്രസംഗം, ജീവകാരുണ്യപ്രവർത്തനങ്ങൾ, ഗ്രാമോദ്ധാരണ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ആതുര ശുശ്രൂഷ തുടങ്ങി വിവിധ മാധ്യമങ്ങളിൽ കൂടെയാണ്. അപ്പൊസ്തലനായ വിശുദ്ധ പൗലോസ് തന്റെ സുവിശേഷീകരണ സ്ട്രാറ്റജിയെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ് "ബലഹീനന്മാരെ നേരിടേണ്ടതിനു ഞാൻ ബലഹീനർക്കു ബലഹീനനായി; ഏതുവിധത്തിലും ചിലരെ രക്ഷിക്കേണ്ടതിനു ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു. സുവിശേഷത്തിൽ ഒരു പങ്കാളി ആകേണ്ടതിനു ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു" (1 കൊരി. 9:22,23)

എന്നാൽ ഇന്നു നമ്മുടെ ഭാരതത്തിൽ ക്രിസ്തീയ പ്രവർത്തനങ്ങളെ വൈരാഗ്യത്തോടെ കാണുന്നവർ വളരെ ഉണ്ട്. മനുഷ്യനു യാതൊരു ഗുണവും ചെയ്യാത്ത അന്ധവിശ്വാസങ്ങളിൽ നിന്നും ജീവിതത്തകർച്ചയിൽ നിന്നും നിരാശയിൽ നിന്നും മദ്യപാനത്തിൽ നിന്നും മറ്റു സാമൂഹ്യ തിന്മകളിൽ നിന്നും മോചനം നൽകുന്ന നന്മയുടെ മാർഗ്ഗമായി സുവിശേഷത്തെ കാണുവാൻ നമ്മുടെ ഭാരതീയ സഹോദരരിൽ പലർക്കും കഴിയുന്നില്ല. അതിന്റെ ഫലമായി പിന്നീട് നടക്കുന്നത് ക്രൈസ്തവ മാർഗ്ഗത്തെ തടയാനായി നടത്തുന്ന പീഢനങ്ങളാണ്. നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നത് അതിക്രൂരമായ ക്രിസ്തീയ പീഢനത്തിന്റെ കഥകളാണ്. മദ്ധ്യപ്രദേശിൽ പുതുതായി നടപ്പിലാക്കിയ "Freedom of religion ordinance to regulate interfaith marriages and conversion" എന്ന ഓർഡിനൻസിന്റെ മറവിൽ നടക്കുന്നത് മനുഷ്യത്വരഹിതമായ ക്രൂരതകളാണ്. ക്രിസ്തീയ പ്രാർത്ഥന കൂട്ടങ്ങളും ആരാധനകളും നടക്കുന്ന ഇടങ്ങളിലേക്ക് അക്രമി സംഘങ്ങൾ ഇരച്ചു കയറി വിശ്വാസികളെ കയ്യേറ്റം ചെയ്യുകയും ആരാധനാലയങ്ങൾ തല്ലിത്തകർക്കുകയും തീവയ്ക്കുകയും കള്ളക്കേസുകളിൽ കുടുക്കി ജയിലടയ്ക്കുകയും ചെയ്ത അനേകം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു കഴിഞ്ഞു. യഹോശാഫാത്ത് രാജാവ് പ്രാർത്ഥിച്ചതുപോലെ ''ഞങ്ങളുടെ ദൈവമേ, ഞങ്ങളുടെ നേരെ വരുന്ന ഈ വലിയ സമൂഹത്തോടെതിർപ്പാൻ ഞങ്ങൾക്കു ശക്തിയില്ല.

എന്തു ചെയ്യേണ്ടു എന്നു അറിയുന്നതുമില്ല; എങ്കിലും ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് തിരിഞ്ഞിരിക്കുന്നു"(2 ദിനവൃത്താന്തം 20:12). എന്നു പ്രാർത്ഥിപ്പാൻ മാത്രമേ സാധുക്കളായ ഈ വിശ്വാസികൾക്കു കഴിയുകയുള്ളൂ. നമ്മുടെ രാജ്യത്തിന്റെ വിവിധ ഇടങ്ങളിൽ വിശ്വാസത്തിനു വേണ്ടി പീഢനം അനുഭവിക്കുന്ന ഈ കൂട്ടുവിശ്വാസികൾക്കുവേണ്ടി നാം നിരന്തരമായി പ്രാർത്ഥിക്കണം.

ഭാരതത്തിലെ ഗ്രാമോദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായ സാക്ഷരതാ, വിദ്യാഭ്യാസ പ്രവർത്തനങ്ങളോടുള്ള ബന്ധത്തിലാണ് നമ്മുടെ ഒൻപതു മിഷൻ സ്കൂളുകൾ പ്രവർത്തിക്കുന്നത്. ലാഭേച്ഛയോടെയല്ല നമ്മുടെ സ്കൂളുകൾ ആരംഭിച്ചത്. നടത്തിക്കൊണ്ടു പോകുന്നതിനുള്ള തുക ലഭിക്കുന്നതിനപ്പുറമായി ഒരു ലാഭവും ഉണ്ടാക്കുന്നവയല്ല നമ്മുടെ സ്കൂളുകൾ. തങ്ങളുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകുന്നതിനുള്ള ഗ്രാമീണ ജനതയുടെ അധികഭാരം കുറയ്ക്കുന്നതിനുവേണ്ടി അവർക്കു വഹിക്കാൻ കഴിയുന്ന ന്യായമായ ഫീസ് മാത്രം ഈടാക്കിയാണ് നമ്മുടെ സ്കൂളുകൾ പ്രവർത്തിക്കുന്നത്. എന്നാൽ വസ്തുവാങ്ങൽ, കെട്ടിടം പണി തുടങ്ങിയ കാര്യങ്ങൾക്ക് ഭീമമായ തുക ചെലവ് വരുന്നു. ബാങ്ക് ലോൺ എടുത്തും സുവിശേഷ സ്നേഹികളായ സഭാജനങ്ങളുടെ കൈത്താങ്ങലോടെയുമാണ് അവ പ്രവർത്തിക്കുന്നത്. നമ്മുടെ സഭാംഗമായ ഒരു യുവ കോൺട്രാക്റ്റർ തന്റെ ബിസിനസ്സിലെ ലാഭം മുഴുവനുമോ അതിലധികമോ ചെലവിട്ടാണ് വടക്കേ ഇൻഡ്യയിലെ നമ്മുടെ ഒരു ഹൈസ്കൂളിനുള്ള കെട്ടിടങ്ങൾ പണിതു നൽകിയത്. ഇതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത് തീർച്ചയായും സുവിശേഷ സ്നേഹികളായ അദ്ദേഹത്തിന്റെ മാതാപിതാക്കൾ കാണിച്ച മാതൃക തന്നെയാണ് എന്നതിൽ സംശയമില്ല. വിദേശത്തുള്ള മൂന്നു കുടുംബങ്ങളുടെ സഹായമില്ലായിരുന്നെങ്കിൽ നന്നായി പ്രവർത്തിക്കുന്ന നമ്മുടെ മൂന്ന് മിഷൻ സ്കൂളുകൾക്ക് സൗകര്യപ്രദമായ കെട്ടിടങ്ങൾ ഉണ്ടാകുമായിരുന്നില്ല. ഞാൻ അവരുടെ പേരുകൾ ഇവിടെ കുറിച്ച് ദൈവസന്നിധിയിൽ അവരുടെ പ്രതിഫലം കുറയ്ക്കുന്നില്ല. രഹസ്യത്തിൽ കാണുന്ന സ്വർഗ്ഗീയ പിതാവ് അവർക്ക് പ്രതിഫലം നൽകട്ടെ. പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ അത് അവർക്ക് നിക്ഷേപമാകട്ടെ.

നല്ല ശമ്പളം വാങ്ങി ജോലി ചെയ്തിരുന്ന നമ്മുടെ സഭാംഗമായ ഒരു യുവ എൻജിനീയർ തന്റെ ജോലി വിട്ടിട്ട് കുടുംബത്തോടൊപ്പം മൂന്നു വർഷം ഛത്തീസ്ഗഢിലെ ഒരു ഗ്രാമീണ മേഖലയിലാരംഭിച്ച സ്കൂളിന്റെ പ്രിൻസിപ്പൽ ആയി ചുമതല ഏൽപ്പാൻ മുന്നോട്ട് വന്നു. തന്റെ മാതാപിതാക്കളോടുള്ള കുടുംബത്തിലെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിപ്പാൻ മൂന്നു വർഷം കഴിഞ്ഞു മടങ്ങിപ്പോകേണ്ടിവന്നു. പിന്നീട് ജോലിക്കായി ചെന്നപ്പോൾ ഗ്രാമീണ മേഖലയിൽ സേവനം ചെയ്തു എന്നു മനസ്സിലാക്കിയ അദ്ദേഹത്തിന്റെ കമ്പനി മേലുദ്യോഗസ്ഥർ അദ്ദേഹത്തെ കൂടുതൽ ശമ്പളം നൽകി ജോലിയിൽ പ്രവേശിപ്പിച്ചു. എന്നാൽ ആ ശമ്പളത്തിന്റെ സിംഹഭാഗവും അദ്ദേഹം സുവിശേഷ പ്രവർത്തനങ്ങൾക്ക് നൽകുന്നു. എത്ര ഉത്കൃഷ്ടമായ മാതൃക! നമ്മുടെ സഭയിൽ ഇനിയും അനേക യുവതിയുവാക്കന്മാരെ ഇവ്വിധമായ ദർശനത്തോടെ ദൈവം എഴുന്നേൽപ്പിക്കട്ടെ.

കഴിഞ്ഞ അറുപത് വർഷങ്ങളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഭാരത സുവിശേഷീകരണ രംഗത്ത് വളരെ വൈകി മാത്രമാണ് നമുക്ക് ക്രിയാത്മകമായി പ്രവർത്തിക്കാൻ കഴിഞ്ഞത്. അഭിപ്രായ വ്യത്യാസത്തിലും ഭിന്നതയിലും അനേകം സംവത്സരങ്ങൾ നഷ്ടപ്പെട്ടു. സഭാഗാത്രത്തിൽ വിള്ളലുകൾ ഉണ്ടായി. ആ വിള്ളലുകളെ കൂട്ടിയോജിപ്പിച്ച് ഐക്യത്തോടെ മുന്നേറി സമൂഹത്തിൽ സുവിശേഷ സാക്ഷ്യം നിർവ്വഹിക്കാനായി ഒത്തു പരിശ്രമിക്കുമ്പോൾ, അതിനിടയിലും വിഭാഗീയത സൃഷ്ടിക്കാൻ ശ്രമിക്കുന്നു എന്നത് എത്ര ഖേദകരം. സഭയുടെ ഭരണഘടനയും അച്ചടക്കവും അഭംഗുരം പാലിക്കാൻ സഭയിലെ മേൽപ്പട്ടക്കാരും വൈദികരും അത്മായരും ഇടവകകളും എല്ലാം ഒരുപോലെ ദൈവമുമ്പാകെ ബാദ്ധ്യസ്ഥരായിരിക്കുന്നു എന്നിരിക്കെ അതിനെ ലംഘിക്കാനും ലംഘിക്കുന്നവർക്ക് ഒത്താശ നൽകാനും ഉള്ള ശ്രമങ്ങൾ ചിലഭാഗങ്ങളിൽ നിന്നെങ്കിലും ഉണ്ടാകുന്നു എന്നത് സങ്കടകരം തന്നെ.

സുവിശേഷ സാക്ഷ്യത്തിനുവേണ്ടി ഐക്യത്തോടെ നിൽപ്പാനും ആദ്യസ്നേഹത്തിലേക്കും സുവിശേഷ തീക്ഷ്ണതയിലേക്കും മടങ്ങിവരുന്ന ആത്മനിറവിന്റെ അനുഭവത്തിലേക്ക് ഈ ഡയമണ്ട് ജൂബിലി വർഷത്തിൽ ദൈവം നമ്മുടെ സഭയെ വഴി നടത്തട്ടെ. നമുക്ക് നമ്മെ അതിനായി സമർപ്പിക്കാം.

കർത്തൃശുശ്രൂഷയിൽ സ്നേഹത്തോടെ



മോസ്റ്റ്.റവ.ഡോ. തോമസ് ഏബ്രഹാം
പ്രിസൈഡിംഗ് ബിഷപ്പ്

പത്രാധിപ ചിന്തകൾ

നന്ദിയുള്ള ഹൃദയം

ഹെൻട്രി അലൻ ഐറൻ സൈഡ് ഒരു കനേഡിയ അമേരിക്കൻ ബൈബിൾ അദ്ധ്യാപകനും പ്രസംഗകനും വേദശാസ്ത്രപണ്ഡിതനുമായ മൂഡി ചർച്ചിലെ ഒരു പാസ്റ്റർ ആയിരുന്നു. വളരെ തിരക്കേറിയ ഒരു വിശ്രമകേന്ദ്രത്തിൽ വച്ച് ഐറൻ സൈഡിനുണ്ടായ ഒരു അനുഭവത്തെക്കുറിച്ച് ഇവാൻജലിക്കൽ പാസ്റ്ററും ഗ്രന്ഥകാരനുമായ റേസ്റ്റഡ്മാൻ "Folk Psalms of Faith"എന്ന തന്റെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നത് അടുത്തയിടെ വായിക്കാനിടയായി. ഐറൻ തന്റെ മുമ്പിൽ ലഭിച്ച ഭക്ഷണം കഴിക്കാൻ തുടങ്ങുന്ന തിനിടയിൽ ഒരാൾ അടുത്തുവന്ന് തന്നോടൊപ്പം ഇരിക്കുന്നതിൽ വിരോധമുണ്ടോ എന്ന് ചോദിച്ചു. ഐറൻ അദ്ദേഹത്തിന് ഇരിപ്പിടം നൽകി സ്വീകരിച്ചു. അദ്ദേഹത്തിന്റെ പതിവ് രീതി അനുസരിച്ച് ഐറൻ പ്രാർത്ഥനയ്ക്കായി തലകുനിച്ചു. പ്രാർത്ഥനയ്ക്കുശേഷം അദ്ദേഹം കണ്ണുതുറന്നപ്പോൾ മറ്റെയാൾ 'നിങ്ങൾക്ക് തലവേദനയുണ്ടോ? അതോ നിങ്ങളുടെ ഭക്ഷണത്തിന് എന്തെങ്കിലും കുഴപ്പമുണ്ടോ? എന്നു തുടങ്ങി പല ചോദ്യങ്ങൾ ചോദിച്ചപ്പോൾ ഐറൻ പുഞ്ചിരിയോടെ മറുപടിയായി 'ഇല്ല, എനിക്ക് തലവേദനയില്ല, ഭക്ഷണത്തിന് ഒരു കുഴപ്പവും ഇല്ല'എന്നു പറഞ്ഞു. അപ്പോൾ മറ്റെയാൾ 'നിങ്ങൾ തലതാഴ്ത്തി ഇരിക്കുന്നതു കണ്ടപ്പോൾ നിങ്ങൾക്ക് എന്തെങ്കിലും അസുഖം ഉള്ളതായോ അല്ലെങ്കിൽ ഭക്ഷണത്തിന് എന്തെങ്കിലും കുഴപ്പമുള്ളതായോ ഞാൻ ചിന്തിച്ചുപോയി. ഐറൻ മറുപടിയായി 'ഇല്ല, ഞാൻ ഭക്ഷണം കഴിക്കുന്നതിനുമുമ്പ് എപ്പോഴും അതു നൽകിയ ദൈവത്തിന് നന്ദി കരേറ്റുന്ന സ്വഭാവം ഉണ്ട്; അത് ഇപ്പോഴും ചെയ്തു എന്നുമാത്രം'. അതിന് മറ്റെയാൾ നിങ്ങൾ അങ്ങനെ ചെയ്യുന്നവരിൽ ഒരാളാണോ? എന്നാൽ ഞാൻ ഒരിക്കലും നന്ദി പറയാറില്ല എന്ന് നീ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്റെ നെറ്റിയിലെ വിയർപ്പിലൂടെയാണ് ഞാൻ പണം സമ്പാദിക്കുന്നത്. അതിനാൽ അതുപയോഗിച്ച് ഭക്ഷണം വാങ്ങിക്കഴിക്കുമ്പോൾ ഞാൻ ആരോടും നന്ദി പറയേണ്ടതില്ല. അതുകേട്ടിട്ട് ഐറൻ നിങ്ങൾ പറയുന്നത് ഒട്ടും ശരിയല്ല എന്നു അദ്ദേഹത്തിന്റെ മുഖത്തുനോക്കി പറയാൻ മടിച്ചില്ല. ആ മനുഷ്യനെപ്പോലെ നാമും പലപ്പോഴും ദൈവത്തിന്റെ കൃപാദാനങ്ങളെ നിസ്സാരമായി കാണുന്നവരാണ്. നാം ആസ്വദിക്കുന്ന എല്ലാ നല്ല കാര്യങ്ങളുടെയും ഉറവിടം ദൈവമാണെന്ന് നാം മറക്കുന്നു. യാക്കോബ് തന്റെ ലേഖനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നത് " എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്ന് ഇറങ്ങി വരുന്നു" (യാക്കോബ് 1:17) 'നന്ദി കരേറ്റുക' വല്ലപ്പോഴുമുള്ള ഒരു സംഭവമായിരിക്കുക മാത്രമല്ല പിന്നെയോ നിരന്തരമായ ഒരു മനോഭാവമായി മാറണം. നമുക്ക് വാർഷികങ്ങളെ ഭയങ്കര സംഭവമാക്കി മാറ്റാൻ കഴിയും. ഒരു ജന്മദിനത്തെയോ ഒരു വിവാഹവാർഷികത്തെയോ അനുസ്മരിച്ചാലും ഈ അവസരങ്ങൾ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കാനും ദൈവത്തിന്റെ നന്മയുടെ നിരവധി അനുഭവങ്ങൾ നമുക്ക് ഓർമ്മിക്കാനും അവസരമൊരുക്കുന്നു.

ദൈനംദിന ജീവിതത്തിൽ നമ്മുടെയും നമ്മുടെ പ്രിയപ്പെട്ടവരുടെയും കൊച്ചു കൊച്ചു നേട്ടങ്ങൾ പോലും പ്രകീർത്തിക്കുന്നവരും പുകഴ്ത്തുന്നവരുമാണ് നാം ഓരോരുത്തരും. പലപ്പോഴും നമ്മുടെ സംഭാഷണങ്ങളിൽ നമുക്കിഷ്ടപ്പെട്ട സംഭവങ്ങളുടെയും താരങ്ങളുടെയും അതുപോലെ പൊതുജന ശ്രദ്ധ ആകർഷിച്ചിട്ടുള്ള പലതിന്റെയും അപദാനങ്ങൾ കടന്നുവരാറുണ്ട്. എന്നാൽ ദൈവത്തിൽ വിശ്വസിക്കുകയും ദൈവജനമെന്ന് അഭിമാനിക്കുകയും ചെയ്യുന്ന നമുക്ക് നമ്മെ കരം പിടിച്ച് വഴി നടത്തുന്ന ദൈവത്തെ എത്രമാത്രം പ്രകീർത്തിക്കുവാൻ കഴിയുന്നുണ്ടെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അനുദിനം ദൈവത്തെ സ്തുതിക്കുന്നതിലും പുകഴ്ത്തുന്നതിലും ദൈവത്തിന്റെ മഹിമകൾ വർണ്ണിക്കുന്നതിലും ദാവീദിനെപ്പോലെ ഉത്സുകനായ മറ്റൊരാളെ തിരുവചനത്തിൽ കാണാൻ കഴിയുന്നില്ല. 1 ദിന. 16:4,5 വാക്യങ്ങളിൽ ദൈവത്തെ ആരാധി

ക്കുവാൻ ആസാഫ് ഉൾപ്പെടെയുള്ള പുരോഹിതന്മാരെ നിയമിച്ചത് ദാവീദാണ്. ദാവീദ് ആസാഫിനോടും അവന്റെ ബന്ധുക്കളോടും സ്തോത്രഗീതങ്ങൾ പാടുവാൻ നിർദ്ദേശിച്ചതായി കാണാം (1 ദിന. 16:7). യിസ്രായേലിന്റെ സിംഹാസനത്തിൽ ആരൂഢനായിരിക്കുമ്പോഴും താൻ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ഇടയച്ചെറുക്കനായിരുന്നുവെന്നും തനിക്ക് രാജസിംഹാസനം നൽകിയത് സർവ്വശക്തനായ ദൈവമാണെന്നും അവൻ മറന്നില്ല. മായാത്തതും മങ്ങാത്തതുമായ ആ പൂർവ്വകാല സ്മരണ ദാവീദിനുണ്ടായിരുന്നതുകൊണ്ടാണ് അവൻ മതി വരാതെ ദൈവത്തെ പ്രകീർത്തിക്കുകയും സ്തുതിക്കുകയും ചെയ്തത്. പിൽക്കാലത്ത് തന്റെ സിംഹാസനം നഷ്ടപ്പെട്ട് യഹൂദാമരുഭൂമിയിൽ ഉഴലുമ്പോഴും ദൈവത്തെ പ്രകീർത്തിക്കുകയും ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുകയും ചെയ്യുന്ന ദാവീദ് ദൈവജനത്തിന്റെ മഹത്തായ മാതൃകയാണ്. തന്റെ വാഴ്ചയുടെ ആരംഭത്തിൽ പഞ്ഞിനൂൽകൊണ്ടുള്ള അങ്കി മാത്രം ധരിച്ച് താൻ യിസ്രായേലിന്റെ രാജാവെന്നുള്ളത് മറന്ന് യഹോവയുടെ പെട്ടകത്തിനു മുമ്പിൽ പൂർണ്ണ ശക്തിയോടെ കുതിച്ച് നൃത്തം ചെയ്ത ദാവീദിൽ ദൈവിക സ്തുതി അതിന്റെ അത്യുച്ചകോടിയിൽ പ്രകടമായിരുന്നു (2 ശമു. 6: 14,16)

യിസ്രായേലിന്റെ ചരിത്രം തിരിഞ്ഞുനോക്കിയിട്ട് സങ്കീർത്തനക്കാരൻ "ദൈവത്തിൽ ഞങ്ങൾ നിത്യം പ്രശംസിക്കുന്നു; നിന്റെ നാമത്തിനു എന്നും സ്തോത്രം ചെയ്യുന്നു " (സങ്കീ. 44:8) എന്നും സ്ഥിരീകരിച്ചു. മിസ്രയീമിൽ നിന്നും വിടുവിച്ചതും (പുറ. 2-15) ചെങ്കടലിന്റെ ഉണങ്ങിയ സ്ഥലത്തുകൂടി അക്കരെ കടന്നതും (പുറ. 14:1-15, 21) മരുഭൂമിയിൽ മന്ന എന്ന പ്രത്യേക ഭക്ഷണം നൽകിയതും (പുറ. 16:1-33) സീനായ് മരുഭൂമിയിൽ ന്യായപ്രമാണം നൽകിയതും (പുറ.19: 24) മാത്രമല്ല പകൽ മേഘസ്തംഭത്താലും അഗ്നിസ്തംഭത്താലും മരുഭൂമിയിൽ നടത്തിയതും കനാൻ യാത്രയിൽ യോർദ്ദാൻ നദി കടത്തിയതും (യോശു) ശത്രുക്കളുടെ മേൽ ജയം നേടിയതുമെല്ലാം ഉൾപ്പെടെയുള്ള യഹോവയുടെ അത്ഭുത പ്രവൃത്തികളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു (സങ്കീ.105) ജനം ദൈവത്തെ ആരാധിച്ചതിന്റെ ഭാഗമെന്ന നിലയിൽ ദിനവൃത്താന്തം ഒന്നാം പുസ്തകത്തിൽ മൂന്ന് സങ്കീർത്തനങ്ങൾ (സങ്കീ. 96,105,106) ചേർത്തിരിക്കുന്നു. യിസ്രായേലിന്റെ കഴിഞ്ഞ കാലവിടുതലിനെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നതായി കാണാം (സങ്കീ. 107:1-16). വഴിയിൽ വച്ച് യിസ്രായേൽ ജനം ദൈവത്തെ പ്രകോപിപ്പിച്ചെങ്കിലും ദൈവം അവ ക്ഷമിച്ച് യഥാസ്ഥാനപ്പെടുത്തി. മരുഭൂമിയിൽ 3 ലക്ഷം വരുന്ന ജനത്തെ നാല്പതു വർഷക്കാലം അവൻ സഹിച്ചു നിലനിർത്തി. ദൈവത്തോട് ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ടെങ്കിലും പണ്ടത്തെ അത്ഭുത പ്രവൃത്തികൾക്കായി ദൈവത്തെ സ്തുതിക്കുന്നു. അവസാനത്തെ അഞ്ചു സങ്കീർത്തനങ്ങൾ (146-150) "യഹോവയെ സ്തുതിപ്പിൻ" എന്ന ആഹ്വാനത്തോടെ ആരംഭിക്കുമ്പോൾ ദൈവത്തെ സ്തുതിക്കേണ്ടതിന്റെ ആവശ്യകത കൂടുതൽ വ്യക്തമാക്കുന്നു. സൂര്യചന്ദ്രന്മാരോടും നക്ഷത്രങ്ങളോടും ഈ പ്രപഞ്ചം മുഴുവനോടും യഹോവയെ സ്തുതിക്കുവാൻ ആജ്ഞാപിക്കുന്ന ദാവീദ്, വാദ്യഘോഷണങ്ങളോടും നൃത്തത്തോടും കൂടെ യഹോവയെ പ്രകീർത്തിക്കുവാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു (സങ്കീ. 148:3-149:3) മാത്രമല്ല, "ഞാൻ യഹോവയെ എല്ലാകാലത്തും വാഴ്ത്തും; അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും" (സങ്കീ . 34:1) എന്ന് ദാവീദ് വിളംബരം ചെയ്യുന്നു. ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന നമുക്കും ദാവീദിനെപ്പോലെ അത്യുന്നതനായ ദൈവത്തെ പുകഴ്ത്തുവാനും സ്തുതിക്കുവാനും കഴിയണം.

ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും ദൈവത്തോട് നന്ദി പറയുന്നത് വളരെയധികം ബുദ്ധിമുട്ടായി തോന്നാം. പ്രത്യേകിച്ച് ശരീരവേദനയാൽ തകർക്കപ്പെടുമ്പോൾ, ചെയ്തുകൊണ്ടിരുന്ന ജോലി നഷ്ടപ്പെടുമ്പോൾ അല്ലെങ്കിൽ വിലമതിക്കാനാവാത്ത ഒരു ബന്ധം തകരുമ്പോൾ നന്ദി പറയുവാൻ പലപ്പോഴും തോന്നാറില്ല. എന്നാൽ ഒരു ദൈവപൈതൽ എല്ലാം സാഹചര്യങ്ങളിലും ദൈവത്തോട് നന്ദി പറയാൻ പഠിക്കേണ്ടതാണ്. "എല്ലാറ്റിനും സ്തോത്രം ചെയ്വിൻ" (1 തെസ്സ. 5:17) എന്ന് വിശുദ്ധ പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. കാരണം നാം ബലഹീനത അനുഭവിക്കുമ്പോൾ അവിടുന്ന് നമുക്ക് ശക്തി നൽകുന്നു. അതുകൊണ്ടാണ് പൗലോസിന് പറയാൻ കഴിഞ്ഞത്: " ഞാൻ എന്റെ ബലഹീനതയിൽ പ്രശംസിക്കുന്നു" വിശ്വാസികളെന്ന നിലയിൽ അത്തരം അനുഭവങ്ങളിലൂടെ ദൈവം ഏറ്റവും മികച്ചത് നിറവേറ്റുന്നതിൽ നമുക്ക് ദൈവത്തോട് നന്ദിയുള്ളവരാകാം. കഷ്ടതയിലൂടെ പോലും അവിടുന്ന് നന്മയ്ക്കായി പ്രവർത്തിക്കുന്നു (റോമ. 8:28). എന്ന് റോമാലേ

സഭാ സെക്രട്ടറിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

നമ്മുടെ കർത്താവും രക്ഷകനുമായ ക്രിസ്തുയേശുവിന്റെ ധന്യനാമത്തിൽ സ്നേഹ വന്ദനം.

ജീവിതം ധന്യമാകുന്നത് ദൈവസാന്നിദ്ധ്യത്താലാണ്. ദൈവസാന്നിദ്ധ്യത്തിൽ ലഭിക്കുന്ന കൂട്ടായ്മ അനുഗ്രഹകരവും ആനന്ദകരവുമാണ്. ആ കൂട്ടായ്മ അനുഭവത്തിൽ നിന്നും പൗലോസ് അപ്പൊസ്തലൻ പറയുന്നത് എപ്പോഴും സന്തോഷിപ്പിൻ എന്നാണ്. അടുത്ത നിമിഷം എന്ത് സംഭവിക്കുമെന്ന് നമുക്ക് അറിയില്ലെങ്കിലും അത് അറിയുന്നവനെയാണ് നാം ആരാധിക്കുന്നതും അനുഗമിക്കുന്നതും. അനേക ലക്ഷങ്ങളുടെ ജീവൻ അപഹരിച്ച നമ്മുടെ ജീവിതക്രമം തകിടം മറിച്ച, വൻ സാമ്പത്തിക തകർച്ചയ്ക്കും കഷ്ടനഷ്ടങ്ങൾക്കും കാരണമായ കോവിഡ്-19 എന്ന ഒരു കുഞ്ഞൻ വൈറസ് നമ്മെ നോക്കി ഇന്നും വെല്ലുവിളിക്കുമ്പോൾ കർത്താവുമായുള്ള നമ്മുടെ കൂട്ടായ്മ ബന്ധം ശക്തിപ്പെടുത്തി കർത്താവിൽ ധൈര്യപ്പെട്ട് നമ്മുടെ ആത്മീയ യാത്ര തുടരാം.

ദൈവകൃപയാൽ സഭയുടെ വജ്രജൂബിലി കൺവൻഷൻ അനുഗ്രഹപ്രദമായി നടക്കുവാൻ കർത്താവ് കൃപ ചെയ്തതോർത്ത് ദൈവത്തിന് മഹത്വം കരേറ്റുന്നു. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സഭാ ചാപ്പലിൽ നടത്തഘനത്തിൽ നാം കാണുന്നു. നന്ദിനിറഞ്ഞ ഹൃദയമുള്ള ഒരു വിശ്വാസി ആത്മീകാരോഗ്യം ആസ്വദിക്കുകയും മരണത്തെ അഭിമുഖീകരിക്കുകയും ചെയ്യുമ്പോൾ പോലും ദൈവത്തിന് നന്ദി പറയുകയും ചെയ്യും. നന്ദി കരേറ്റാൻ നാം ഏതു പദമാണ് ഉപയോഗിക്കുന്നത് എന്നത് പ്രസക്തമല്ല, പിന്നെയോ ദൈവത്തെ സ്തുതിക്കുക എന്നതാണ് പ്രധാന കാര്യം. അതുകൂടുതൽ ചെയ്യുന്തോറും ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് മെച്ചപ്പെടുകയും ചെയ്യും. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ജീവിതത്തിൽ നമ്മുടെ കൂട്ടാളി എന്ന നിലയിൽ യേശു ദിനന്തോറും സംസാരിക്കുന്നു. അവൻ നമ്മുടെ ഹൃദയങ്ങളുടെ വേദനകളും ആഗ്രഹങ്ങളും ശ്രദ്ധിക്കുന്നു. നമ്മുടെ ആത്മ സഖിയായി യേശു നമ്മോടൊപ്പം കൂടുന്നു. നാം ഏകാന്തതയോടും നിരാശയോടും കൂടെ വരുമ്പോൾ അവൻ നമ്മെ മാറോട് അണച്ച് ആശ്വസിപ്പിക്കുന്നു.

യിസ്രായേൽ മക്കളെ മരുഭൂമിയിൽ വഴിനടത്തിയതുപോലെ കഴിഞ്ഞകാലങ്ങളിൽ ദൈവം നമ്മെ വ്യക്തികളായി കുടുംബങ്ങളായി, സഭയായി നടത്തിയില്ലേ? നാം അഭിമുഖീകരിച്ച പ്രതികൂലങ്ങളുടെയും പ്രതിസന്ധികളുടെയും നടുവിൽ 'കരയിലൂടെ എന്നപോലെ കടലിലും' ദൈവം നടത്തിയില്ലേ? അതൊക്കെയും നാം പാടേ വിസ്മരിച്ച് ദൈവത്തെ സ്തുതിക്കേണ്ട നാവുകൊണ്ട് നമ്മുടെ സഹവിശ്വാസികളെ കുത്തി മുറിവേൽപ്പിച്ചിട്ടില്ലേ? പല സന്ദർഭങ്ങളിലും നമ്മുടെ തൂലിക അവർക്കെതിരെ ചലിപ്പിച്ചിട്ടില്ലേ? നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്ന്' ദാവീദിനോട് ചേർന്ന് നമുക്ക് പുതുവർഷം തീരുമാനമെടുക്കാം. നമ്മുടെ നാവുകൊണ്ട് ഏറ്റു പറയാം: "യഹോവയ്ക്ക് സ്തോത്രം ചെയ്‌വിൻ, അവൻ നല്ലവനല്ലോ" (സങ്കീ. 136:1). മഹാമാരിയുടെ കഴിഞ്ഞ വർഷം നാം നിസംഗതരും ക്ഷീണിതരും ആയപ്പോൾ നമ്മുടെ സ്വർഗ്ഗീയ പിതാവ് ശക്തനായി നമ്മോടൊപ്പം ഉണ്ടായിരുന്നു എന്നതോർത്ത് എത്ര സ്തുതിച്ചാലും മതിയാകയില്ല. നമ്മുടെ വികാരങ്ങളിൽ നാം ചാഞ്ചാടിയപ്പോൾ മാറ്റമില്ലാത്തവനും സ്ഥിരതയുള്ളവനുമായ ദൈവം നമ്മെ പരിപാലിച്ചു. നമുക്ക് ആവശ്യമുള്ളതെല്ലാം അവിടുന്ന് കൈകൊണ്ട് നൽകിത്തന്നു. അവനോടുള്ള സ്നേഹത്തിന് എന്തെല്ലാം പ്രോത്സാഹനം!

"If you can't think of anything to be thankful for, you have a poor memory".

പ്പെട്ട കൺവൻഷനിൽ സഭാ ജനങ്ങൾക്ക് നേരിട്ട് പങ്കെടുക്കുവാൻ പരിമിതികൾ ഉണ്ടായിരുന്നുവെങ്കിലും തത്സമയ സംപ്രേഷണത്തിൽ കൂടി ലോകമെമ്പാടുമുള്ള സഭയിലെ പ്രിയ ദൈവജനത്തിന് അതിൽ ഭാഗഭാക്കാകുവാൻ ദൈവം കൃപ ചെയ്തു. വചനമാരിയാൽ കർത്തൃദാസന്മാരിൽ കൂടി നമ്മെ അനുഗ്രഹിച്ച ദൈവത്തിന് സ്തോത്രം. 60 വർഷം പൂർത്തീകരിച്ച സഭയുടെ Diamond Jubilee Projects & Programmes സഭാ ദിനമായ ജനുവരി 26-ാം തീയതി അഭിവന്ദ്യ പ്രിസൈഡിംഗ് ബിഷപ്പ് പ്രഖ്യാപിച്ചത് സുവിശേഷ പ്രകാശിനിയിൽ കൂടി ഏവരുടെയും അറിവിനും പ്രാർത്ഥനയ്ക്കും സഹായ സഹകരണത്തിനുമായി ചേർത്തിട്ടുണ്ട്. കൺവൻഷൻ അനുഗ്രഹപ്രദമായി തീരുവാൻ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും സഹായിക്കുകയും ചെയ്ത ഏവരോടുമുള്ള സഭയുടെ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. സഭയായി 365 ദിവസവും രാത്രി 10 മുതൽ 10.30 വരെ online ആയി ഒരു പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നു. ഫെബ്രുവരി 7-ാം തീയതി മുതൽ ആരംഭിച്ച പ്രാർത്ഥന അനുഗ്രഹപ്രദമായി നടന്ന് വരുന്നു. ദേശത്തിനുവേണ്ടി, സഭയ്ക്കുവേണ്ടി, രോഗികൾക്കുവേണ്ടിയൊക്കെ ഇടുവിൽ നിന്ന് പ്രാർത്ഥിക്കുവാൻ ഈ സമയം നമുക്ക് പ്രയോജനപ്പെടുത്താം. 60 വർഷം പിന്നിടുന്ന സഭയ്ക്ക് 600 ൽ അധികം പ്രാർത്ഥനാവീരന്മാർ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു.

പ്രിയ തോമസ് തോട്ടത്തിൽ അച്ചൻ ഇപ്പോഴും രാജഗിരി ഹോസ്പിറ്റലിൽ വെന്റിലേറ്ററിൽ ആണ്. അച്ചന്റെ പൂർണ്ണ സൗഖ്യത്തിനായി മുട്ടിപ്പായി നമുക്ക് പ്രാർത്ഥിക്കാം. അച്ചനെ ഓർത്ത് പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്തുവരുന്ന എല്ലാ ദൈവമക്കളോടും ഇടവകകളോടും പ്രത്യേകം നന്ദി അറിയിക്കുന്നു.

വെല്ലൂരിൽ ശാലോം ഭവനുവേണ്ടി വാങ്ങിയ സ്ഥലത്ത് ഫെബ്രുവരി 20 ന് ശിലാസ്ഥാപനം നിർവ്വഹിക്കുവാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. പ്രകാശപുരത്തെ നിർമ്മാണ പ്രവർത്തനങ്ങളും ദൈവസഹായത്താൽ അനുഗ്രഹപ്രദമായി മുന്നേറുന്നു. ഈ പ്രൊജക്റ്റുകൾക്ക് നേതൃത്വം നൽകുന്ന റവ. ഡോ. ഫിന്നി അലക്സാണ്ടർ, റവ. മാത്യൂസ് ഏബ്രഹാം, റവ. ക്രിസ്റ്റഫർ എന്നിവരുടെ അദ്ധ്വാനത്തെ കർത്താവ് മാനിക്കട്ടെ, ഇതിന്റെ പൂർത്തീകരണത്തിനായി നിരന്തരം പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുന്ന സഭയിലെ പ്രീയ ദൈവജനത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഇതെല്ലാം ദൈവനാമമഹത്വത്തിനും സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും സഭയുടെ അനുഗ്രഹത്തിനും ഭവിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

'കരുതലിൻ കരങ്ങൾ' ധനശേഖരണം മാർച്ച് 31 ന് അവസാനിക്കുന്നതാണ്. ഉത്സാഹത്തോടെ ഇപ്പോഴും അതിൽ പങ്കാളികളായിരിക്കുന്ന ഏവരെയും ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ചോദിച്ചതിലും അധികം നൽകിയ ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്ന സഭയിലെ ദൈവജനത്തെ കർത്താവ് സമൃദ്ധിയായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, നന്ദി അറിയിക്കുന്നു.

60 വർഷം സഭയായി നാം പിന്നിടുമ്പോൾ, ഇന്ന് വരെയും നമ്മെ വിശ്വസ്തതയോടെ അത്ഭുതകരമായി വഴി നടത്തിയ സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. കഴിഞ്ഞ കാലങ്ങളിൽ സഭയ്ക്ക് ധീരമായ നേതൃത്വം നൽകിയവരെയും ഇപ്പോൾ നേതൃത്വം കൊടുക്കുന്നവരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ബലഹീനരായ നമ്മെക്കൊണ്ട് വൻകാര്യങ്ങളെ ചെയ്യുവാൻ ശക്തനായ നമ്മുടെ കർത്താവിൽ ആശ്രയിച്ച് നമുക്ക് മുന്നേറാം. ദൈവജനം യോർദ്ദാൻ കടന്നത് പാലം പണിതല്ല, വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും കാൽവയ്പ്പിൽ കൂടിയായിരുന്നു. ആയതിനാൽ അനേകർ സ്വർഗ്ഗീയ കനാനിൽ പ്രവേശിക്കുവാൻ തക്കവണ്ണം വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും കാൽവയ്പ്പോടെ സഭയായി നമുക്ക് മുന്നേറാം. അതിന് കർത്താവ് നമ്മെ സഹായിക്കട്ടെ, സഭയെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടും പ്രാർത്ഥനയോടും
കർത്തൃശുശ്രൂഷയിൽ,

റവ. ഏബ്രഹാം ജോർജ്ജ്
സഭാ സെക്രട്ടറി

The Bible. Know it in your head. Stow it in your heart. Show it in your life. Sow it in the world." J. Vernon McGee

AN OPPORTUNITY: MAKING CHRIST KNOWN IN OUR SPHERES OF INFLUENCE

Rev. Dr. Augustine A Koshy

One of the biggest challenges we face in the context of religious plurality in India is the question of: "How we do the mission of our Lord Jesus Christ?" The term evangelism is misunderstood today. Therefore, I choose to use the term - "Making Christ Known". Let us remember that the mission is to live out the whole gospel by the whole church for the whole world. Knowing, Being, Doing should be the goal of every disciple.

From the time of Jesus, the Christian community has been at the forefront of social change. Long before the world ever even heard of social awareness, the church was actively and creatively responding to the challenges of poverty and injustice, illiteracy and ignorance, disease and epidemics, substance abuse and domestic violence. We will do well to concern ourselves with the people around us now, rather than speculating about those who are far away. In the words of Dr. Ken Gnanakan: "We need a heart that longs for the salvation of those we meet in flesh and blood, rather than paralyse our mission with fruitless concern for the salvation of those we will never meet."

[1] Each day we witness around us abnormality that seeps beneath the normality. It is present in homes, neighbourhoods, workplaces, and churches. Most times we would not know or hear about it until it is too late. Often, by the time we hear about our best friend's marriage problems, they may have already suffered from domestic violence or severe emotional trauma. We find out a colleague was depressed only after he or she has committed suicide. How many of our friends, church members, and relatives suffer from being unnoticed and uncared for? It is not because we do not care but because we do not know how to read the hidden messages, they try to send our way and respond with care. In a nutshell, **emotional trauma is the Christian churches' one of the most accessible windows of opportunity to Make Christ Known**.

The word Trauma is often misinterpreted to be a medical condition or a psychiatric illness. There is no human being who does not go through a traumatic experience in their daily life. Trauma can be any experience that leaves a person feeling overwhelmed, helpless, and isolated. It is described as a rupture in time, a violent event, or a series of events that destroy individuals, families, communities, and countries. It is a reaction to an emotionally or physically disturbing event that is experienced or witnessed by a person, a community, or even a nation. Trauma can be caused by human violence, intentional or unintentional, natural disasters such as famines, epidemics, earthquakes, and sunamis are also viewed as traumatic events. The most common word used to describe those who have experienced trauma is 'Victim.' "*Trauma, by definition, is the result of exposure to an inescapably stressful event that overwhelms a person's coping mechanisms*."[2]

Today, emotional trauma is one of the greatest destructive consequences of our

lifestyle. It is the most universal and the least recognised human experience. It affects every person and every area of our lives. No one is outside its reach. It is more pervasive and common than any other form of tragedy human beings experience. On October 23, 2018 Times of India reported that the University of Hyderabad is to set up a team of 'trusted friends' to prevent students from taking the extreme step.[3] Deputy Dean Padmaja said, "The idea is to involve senior students who understand the nuances of being a new student. Many students facing issues do not consider seeking professional help. In such cases, these trusted friends would counsel these students."[4] **Friends caring for friends.** I believe when we meaningfully ask a person, how are you, the 'evangelism' begins. **We can Make Christ Known by caring for those in our spheres of influence.**

Emotional trauma is our window of opportunity to Make Christ Known by caring for those in our sphere of influence. Staying with people in their moments of need and journeying with them as they struggle with their pain and uncertainty are effective ways to make Christ known.

The church is a caring community because the God of the Bible is a caring God. When we care we are not only responding to a need, but we are also being transformed into the character of Jesus Christ. When we care, we experience three aspects of caring:

1. **Discovering the character of God.**
2. **Developing the character of God (within us).**
3. **Demonstrating the character of God.**

When the Christian community truly feels the pain of those in their sphere of influence, they will know that there is a God who cares. "See how much he loved," said the world when Jesus wept with Martha and Mary at the tomb of their brother.Caring with a commitment not to "give up" on people.

The training programs of Transform4Life aims to empower the local church to Make Christ Known by caring for those in their spheres of influence.

Understanding is the most basic ingredient for all human relationships. Our understanding must be intelligent, not just emotional. Understanding is not the same as accepting. While we need to understand all, we need to accept only what is credible, then involve where possible.

In Transform4Life, we promote the idea of friends caring for friends because we hope that friends never give up on friends. Jesus said, "You are my friends if you do what I command you. No longer do I call you servants, for the servant does not know what his master is doing; but I have called you friends, for all that I have heard from my Father I have made known to you. You did not choose me, but I chose you and appointed you that you should go and bear fruit and that your fruit should abide; so that whatever you ask the Father in my name, he may give it to you."

[5] We may not fully accept our friend's story, but we do not abandon the person. The way we treat others reflects the way we think of ourselves. Caring is the most visible way to express God's love in our hurting communities.

STECI **have celebrated our Diamond Jublilee. Making Christ known is our primary focus and in the forefront of agenda.** We can only achieve this by motivating, mobilising, training, and supporting the local parishes and their members to care for those in their own sphere of influence in the name and spirit of Jesus Christ. **In the context of religious pluralism in India I propose, to Make Christ Knownby caring for those in our spheres of influence.**

[1] Ken Gnanakan, *Proclaiming Christ in a Pluralistic Context* (Bangalore: Theological

യേശുവിന്റെ രക്തത്തിന്റെ പ്രവർത്തന സ്വാധീനം

റവ. ബാബു വൈ. തൃക്കണ്ണമംഗൽ

"അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മയുണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു". 1 യോഹ. 1:7

ഏതിന്റെയും ജീവൻ രക്തത്തിലാണല്ലോ അടങ്ങിയിരിക്കുന്നത്. ജീവനെ നിലനിർത്തുന്നതു തന്നെ രക്തമാണല്ലോ. ഏകദേശം 4000 വർഷങ്ങൾക്കുമുമ്പ് തിരുവചനത്തിൽ വെളിപ്പെടുത്തിയിരുന്ന ഈ സത്യം ആധുനിക വൈദ്യശാസ്ത്രത്തിന് വെളിപ്പെട്ടത് അടുത്തകാലത്തു മാത്രമാണ്. "മാംസത്തിന്റെ ജീവൻ രക്തത്തിലാണല്ലോ ഇരിക്കുന്നത്; യാഗപീഠത്തിന്മേൽ നിങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ ഞാൻ അതു നിങ്ങൾക്കു തന്നിരിക്കുന്നു; രക്തമല്ലോ ജീവൻ മൂലമായി പ്രായശ്ചിത്തമാകുന്നത്; അതുകൊണ്ടത്രേ നിങ്ങളിൽ യാതൊരുത്തനും രക്തം ഭക്ഷിക്കരുത്; നിങ്ങളുടെ ഇടയിൽ പാർക്കുന്ന പരദേശിയും രക്തം ഭക്ഷിക്കരുത് എന്നു ഞാൻ യിസ്രായേൽ മക്കളോട് കല്പിച്ചത്"(ലേവ്യ 17:11-12). സകല ജഡത്തിന്റെയും ജീവൻ രക്തത്തിലാണല്ലോ. സകല ജഡത്തിന്റെയും ജീവൻ അതിന്റെ ജീവാധാരമായ രക്തം തന്നെ"(ലേവ്യ 17:14) ഈ വസ്തുത വൈദ്യശാസ്ത്രം വ്യവസ്ഥയില്ലാതെ അംഗീകരിക്കുന്നു. ജീവനെ നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് രക്തം തന്നെ എന്നത് വസ്തുനിഷ്ഠമായ കാര്യമാണ്. അനുയോജ്യമായ രക്തം ലഭിക്കാതെ അപകട വേളയിലും ഓപ്പറേഷൻ സമയത്തും എത്രയോ ജീവിതങ്ങളാണ് പൊലിഞ്ഞു പോയിട്ടുള്ളത്. ഇത്തരം സന്ദർഭങ്ങളിൽ ജീവനെ നിലനിർത്തുവാൻ രക്തം വഹിച്ച പങ്ക് അവർണ്ണനീയമാണ്. രക്തക്കുറവ് പല രോഗങ്ങൾക്കും കാരണമായിത്തീരുന്നു. പകർച്ച വ്യാധിയുടെ അവസരങ്ങളിൽ പല രാജ്യങ്ങളിലും രക്തത്തിന്റെ അപര്യാപ്തത മൂലം ബുദ്ധിമുട്ടുകൾ അനുഭവിച്ചിട്ടുണ്ട്. ഇപ്പോൾ നാം അഭിമുഖീകരിക്കുന്ന കൊറോണ (കോവിഡ്-19) വ്യാധിയിൽ രക്തത്തിന്റെ അപര്യാപ്തത ആശുപത്രികളിൽ അനുഭവിച്ചു തുടങ്ങി. തത്ഫലമായി കൊറോണ കാലത്തെ കാരുണ്യ യജ്ഞവുമായി യുവാക്കളെല്ലാം രക്തദാനത്തിന് തയ്യാറായി ഇറങ്ങിത്തിരിച്ചിരിക്കുന്ന വാർത്ത പത്രങ്ങളിൽ നാം വായിച്ചറിഞ്ഞുവല്ലോ (മലയാള മനോരമ മാർച്ച് 14, 2020)

ജീവന് ആധാരമായിരിക്കുന്നത് രക്തമാണ്. ശാരീരിക പ്രവർത്തനങ്ങളെല്ലാം രക്തത്തിന്റെ അളവിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്.

Book Trust, 2000), 93.
[2] Carolyn Knight, "*Working with Adult Survivors of Childhood Trauma*"
[3] Times of India, Hyderabad: Tuesday October 23, 2018, 2
[4] Ibid.
[5] John 15: 14-16.

(Author is Based in Secunderabad and Vicar of Secunderabad & Vasai Parish. Also serves as National Director of Transform 4 Life India)

അറിയിപ്പ്

സഭാംഗങ്ങളിൽ സംസ്ഥാന ദേശീയ തലത്തിൽ അംഗീകാരം ലഭിക്കുന്നവരുടെ വാർത്തകൾ അവരെ അനുമോദിച്ചുകൊണ്ട് സുവിശേഷ പ്രകാശിനിയിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപ്രകാരമുള്ള വാർത്തകൾ, പട്ടക്കാരുടെ ശുപാർശയോടുകൂടി സുവിശേഷപ്രകാശിനി ഓഫീസിലേക്ക് എല്ലാമാസവും 10-ാം തീയതിക്കു മുമ്പായി അയച്ചു തരേണ്ടതാണ്. *ചീഫ് എഡിറ്റർ*

രക്തത്തിൽ പ്രാണൻ നിലനിൽക്കുന്നു. മനുഷ്യാത്മാവിന്റെ മോചനം യേശുവിന്റെ രക്തം മൂലമാണ്. പഴയനിയമവും പുതിയനിയമവും രക്തത്താൽ ഉറപ്പിക്കപ്പെട്ടു. ആവർത്തനം 12: 16, 24 വാക്യങ്ങളിൽ രക്തം നിലത്തൊഴിച്ചു കളയണമെന്നു പറയുന്നു. രക്തം മറവു ചെയ്യണമായിരുന്നു. കാരണം അതു ആ ജീവിയെ അടക്കം ചെയ്യുന്നതിന് സമമായി കണക്കാക്കിയിരുന്നു. ലേവ്യ 17:13 ൽ അത് വ്യക്തമാക്കുന്നു. ജീവന്റെ വില, രക്തത്തിന്റെ വിലയുടെ വ്യാപ്തിയാണ്. ക്രിസ്തുവിന്റെ രക്തത്തിന്റെ വിലയുടെ വ്യാപ്തിയാണ്. ക്രിസ്തുവിന്റെ രക്തത്തിന്റെ അമൂല്യവിലയെ ഇത് വ്യക്തമാക്കുന്നു. യേശു രക്തം ചിന്തിയതിലൂടെ തന്റെ ജീവനെ തന്നെയാണ് മനുഷ്യവർഗ്ഗത്തിനായി നൽകിയത്. കാരണം, "കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിന് പാപങ്ങളെ നീക്കുവാൻ കഴിയുമായിരുന്നില്ല"(എബ്രാ. 10:4). യാഗമൃഗത്തിന്റെ രക്തധമിനികളിൽ കൂടി ഒഴുകുന്ന രക്തമല്ല, പ്രത്യുത, യാഗപീഠത്തിന്മേൽ കാണപ്പെടുന്ന രക്തമാണ് ഉദ്ദിഷ്ട ഫലം പ്രദാനം ചെയ്യുവാൻ കഴിയുന്നത്. ക്രിസ്തുവിന്റെ ജീവിതത്തിന്റെ അനുകരണമോ സ്വാധീനമോ അല്ല പ്രത്യുത കാൽവറി ക്രൂശിൽ അവന്റെ രക്തം മനുഷ്യജാതിക്കായി ഏല്പിച്ചുകൊടുത്തതാണ് രക്ഷയ്ക്കു കാരണമായത്.

രക്തത്തിന്റെ ദൗർലഭ്യം കൊണ്ട് മരണം സംഭവിക്കുന്നുവെങ്കിൽ യേശുവിന്റെ രക്തം നമുക്ക് നൽകി ജീവനെ മരണത്തിൽ നിന്നും വീണ്ടെടുത്തു എന്നത് നിസ്സാരവത്ക്കരിക്കുവാൻ സാധ്യമല്ല. യേശുവിന്റെ രക്തത്തിന്റെ പ്രാധാന്യവും അത് മനുഷ്യജീവിതത്തിൽ ചെലുത്തിയ സ്വാധീനവും നാം അറിഞ്ഞിരിക്കേണ്ടതാകുന്നു. യേശുവിന്റെ രക്തത്തിന്റെ പ്രവർത്തന സ്വാധീനം പഠനവിഷയമാകുമ്പോൾ ലഭിക്കുന്ന അറിവും അനുഭവങ്ങളും അതുല്യമാണ്. ദൈവവും മനുഷ്യനും അതായത് യിസ്രായേലും തമ്മിലുള്ള ബന്ധം സ്ഥാപിച്ചതും നിലനിർത്തിയതും രക്തം തളിച്ചായിരുന്നു. നിയമത്തിന്റെ രക്തം തളിച്ചതിലൂടെ യിസ്രായേലുമായി മുദ്രവയ്ക്കപ്പെടുകയായിരുന്നു. ദൈവവുമായുള്ള ബന്ധം നിലനിർത്തുവാൻ പ്രായശ്ചിത്ത യാഗങ്ങൾ ആവശ്യമാണെന്ന് തെളിയിക്കുന്ന അനേകം യാഗങ്ങൾ യിസ്രായേൽ ജനം കഴിച്ചിരുന്നു. അവിടെയെല്ലാം രക്തത്തിന്റെ പ്രാധാന്യവും ദൈവവുമായുള്ള ഉടമ്പടിയുടെ പ്രാധാന്യവും കാണാം. രക്തം ഒരു യാഗമായി അർപ്പിച്ചതിനാൽ രക്തം മൂലം ശുദ്ധീകരണവും പാപക്ഷമയും സാധ്യമാകുന്നു എന്നു കാണിക്കുന്നു. നിയമരക്തത്തിന്റെ ആത്യന്തികമായ ഫല പ്രാപ്തിയുണ്ടായത് ക്രിസ്തു തന്റെ രക്തം ക്രൂശിൽ ചൊരിഞ്ഞുകൊണ്ട് പുതിയ നിയമം സ്ഥാപിച്ചപ്പോഴാണ്. യേശു കർത്താവ് പറഞ്ഞു; "പിന്നെ പാനപാത്രം എടുത്ത് സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു; എല്ലാവരും അതിൽ നിന്നു കുടിച്ചു. ഇത് അനേകർക്കുവേണ്ടി ചൊരിയുന്നതായ പുതിയ നിയമത്തിനുള്ള എന്റെ രക്തം" (മർക്കോ. 14:23,24) അവന്റെ യാഗമരണം അഥവാ യേശു ക്രിസ്തു രക്തം ചൊരിഞ്ഞതുമൂലം വിശുദ്ധിയുടെ പാതയിൽ നടക്കുവാൻ ആഗ്രഹിക്കുന്ന വിശുദ്ധിയുടെ അനുഭവം വിശ്വാസിക്ക് ലഭ്യമായിതീരുന്നു. ക്രിസ്തുവിന്റെ രക്തത്തിൽ നമുക്കാശ്രയിക്കാം.

എന്താണ് കർത്താവിന്റെ രക്തത്തിന്റെ പ്രവർത്തന സ്വാധീനത്തിലൂടെ നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ? കർത്താവ് കാൽവറിയിൽ ചൊരിഞ്ഞ രക്തത്തിന്റെ പ്രവർത്തനത്തിലൂടെയാണ് നമുക്ക് ക്രിസ്തുവുമായുള്ള കൂട്ടായ്മ ബന്ധത്തിലെത്തുവാൻ കഴിയുന്നത്. " നാം അനുഗ്രഹിക്കുന്ന അനുഗ്രഹ പാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ?" (1 കൊരി. 10:16). "അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു; വാങ്ങി ഭക്ഷിപ്പിൻ, ഇത് എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു; എല്ലാവരും ഇതിൽ നിന്നും കുടിപ്പിൻ, ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം" (മത്താ. 26:27). പുതിയ നിയമത്തിലെ വീണ്ടെടുപ്പിന്റെ കേന്ദ്രബിന്ദു യേശുക്രിസ്തുവിന്റെ രക്തമാണ്. 1 പത്രോ. 2, വെളി. 7:14, 1 കൊരി. 11:27, എഫേ. 2:13 തന്റെ ക്രൂശു മരണത്തിൽ നമ്മുടെ പാപങ്ങളെ നീക്കി നമ്മെ ദൈവത്തോടു നിരപ്പിക്കുവാൻ ക്രിസ്തു തന്റെ നിർദ്ദോഷ രക്തം ചൊരിഞ്ഞു ഫിലി. 2:8 തന്റെ രക്തത്താൽ ക്രിസ്തു നിറവേറ്റിയ കാര്യങ്ങളെക്കുറിച്ച് ചിലത് കൂടി ചിന്തിക്കുന്നത് പ്രയോജനകരമാണ്.

1. അനുതപിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന

സുവിശേഷ വിഹിത വിശ്വാസി – ഒരു നിരൂപണം

ഒ.റ്റി. ജോൺ, തൃശൂർ

ഞാൻ ഒരു ഇവാൻജലിക്കൽക്കാരനോ? അതോ ഒരു സെന്റ് തോമസ് ഇവാൻജലിക്കൽക്കാരനോ? ഇതുരണ്ടും ഒന്നുതന്നെയല്ലേ? അതോ രണ്ടാണോ? യഥാർത്ഥ ഇവാൻജലിക്കൽ (സുവിശേഷ വിഹിത വിശ്വാസി) ആരാണ്? ഈ ചോദ്യങ്ങൾ നാം ചോദിക്കേണ്ടതും, ഉത്തരം കണ്ടെത്തേണ്ടതുമാണ്. ആകയാൽ ഇങ്ങനെയുള്ള ചിന്തകൾ പങ്കിടുക എന്ന ഉദ്ദേശത്തിലും ആ പങ്കിടൽ സുവിശേഷ വിഹിത വിശ്വാസത്തെ ശക്തീകരിക്കും എന്ന ആഗ്രഹത്തോടെയും അങ്ങനെയുള്ള ശാക്തീകരണം സഭയ്ക്കും വിശ്വാസികൾക്ക് പ്രയോജനപ്പെടും എന്ന ചിന്തയോടും പ്രാർത്ഥനയോടെയുമാണ് ഈ ലേഖനം എഴുതുന്നത്.

1961 ലാണ് സെന്റ് തോമസ് ഇവാൻജലിക്കൽ സഭ ആരംഭിക്കുന്നത്. അന്ന് ഞാൻ നാലു വയസ്സുള്ള ഒരു കുട്ടിയായിരുന്നു. എന്റെ പിതാവിൽ നിന്ന് ഞാൻ മനസ്സിലാക്കിയത്, നിലമ്പൂർ മുതുകുളം മാർത്തോമ്മ പള്ളിയിൽ പഥ്യോപദേശത്തെ അനുകൂലിച്ച ഏക കുടുംബം ഞങ്ങളുടേത് മാത്രമായിരുന്നു എന്നാണ്. 1961 ൽ തന്നെ എന്റെ കുടുംബം മുതുകുളം ഭാഗത്തു നിന്ന് മുപ്പിനിയിലേക്ക് താമസം മാറുകയും അതേ വർഷം തിരുവിതാംകൂറിൽ നിന്ന് കുടിയേറി പാർത്ത പഥ്യോപദേശത്തിൽ താത്പര്യമുള്ള ചില കുടുംബങ്ങളോട് ചേർന്ന് മുപ്പിനിയിൽ ഒരു സെന്റ് തോമസ് ഇവാൻജലിക്കൽ സഭ സ്ഥാപിച്ചു. എന്റെ നാലാമത്തെ വയസ്സുമുതൽ ഞാൻ ഒരു സെന്റ് തോമസ് ഇവാൻജലിക്കൽക്കാരനായി മാറിയോ അതോ ഞാൻ ഒരു ഇവാൻജലിക്കൽക്കാരൻ ആയോ? ഇവിടെ എന്റെ പിതാവോ, സഹോദരങ്ങളോ, ബാല്യപ്രായത്തിലായിരുന്ന ഞാനോ സുവിശേഷവിഹിത വിശ്വാസം വേണ്ടതുപോലെ മനസ്സിലാക്കിയാണ് മാർത്തോമ്മ സഭയിൽ നിന്ന് മാറിപ്പോന്നത് എന്ന് ഞാൻ കരുതുന്നില്ല. അതുപോലെ തന്നെ 1961 ൽ പുതിയ സഭയിലേക്ക് മാറിയവർ എല്ലാവരും പൂർണ്ണമായി സുവിശേഷ വിഹിതം മനസ്സിലാക്കിയാണ് മാർത്തോമ്മ സഭയിൽ നിന്ന് വിട്ടുപോന്നത് എന്ന് ചിന്തിക്കുവാൻ സാധ്യമല്ല. എന്നാൽ പുതിയ സഭയിലേക്ക് വന്ന വലിയ വിഭാഗം സാധാരണ ജനങ്ങളും കർത്താവിനെ സ്നേഹിക്കുന്നവരും ദൈവവചനത്തെ

ഏവരുടെയും പാപത്തെ അവന്റെ രക്തം മൂലം മോചിക്കുന്നു (മത്താ. 26:25)

2. ക്രിസ്തുവിന്റെ രക്തം, സകല വിശ്വാസികളെയും സാത്താന്റെ ദുഷ്ടശക്തിയിൽ നിന്നും വിലയ്ക്കു വാങ്ങുന്നു (മത്താ. 20:28, എഫേ. 1:17, 1 പത്രോ. 1:18,19, വെളി. 5:9, 12:1)

3. തന്നെ വിശ്വസിക്കുന്ന ഏവരെയും ക്രിസ്തുവിന്റെ രക്തം നീതീകരിക്കുന്നു (റോമ. 3:24,25)

4. കുറ്റബോധം കൂടാതെ പൂർണ്ണ നിശ്ചയത്തോടെ ദൈവത്തെ സേവിക്കുവാൻ വിശ്വാസിയുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കുന്നു. (എബ്രാ. 9:14, 10:22, 13:18)

5. യേശുവിന്റെ രക്തം ദൈവജനത്തെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7-9, എബ്രാ. 13:12).

6. ക്രിസ്തുമുഖാന്തരം കൃപയ്ക്കും കരുണയ്ക്കും സഹായത്തിനും രക്ഷയ്ക്കുമായി ദൈവത്തിങ്കലേക്ക് വരുന്നതിന് യേശുവിന്റെ രക്തം വിശ്വാസിക്ക് വഴി തുറന്നു കൊടുക്കുന്നു (എഫേ. 2:13,18, 1 കൊരി.11:25).

7. പുതിയ നിയമത്തിലെ സകല വാഗ്ദത്തങ്ങളുടെയും അച്ചാരമായി യേശുവിന്റെ രക്തം മുഖാന്തരമാകുന്നു (എബ്രാ. 10:29; 13:20, മത്താ. 26:28).

8. ക്രിസ്തു മുഖാന്തരം ദൈവത്തെ സമീപിക്കുന്ന വിശ്വാസിക്ക് ക്രിസ്തുവിന്റെ രക്തം മൂലമുള്ള രക്ഷയുടെയും നിരപ്പിന്റെയും ശുദ്ധീകരണത്തിന്റെയും ശക്തി നിരന്തരം ലഭ്യമാകുന്നു (1 യോഹ. 1:7, എബ്രാ. 7:25, 10:22).

ഇങ്ങനെ ഏതെല്ലാം ഇടങ്ങളിലാണ് ക്രിസ്തുവിന്റെ രക്തത്തിന്റെ പ്രവർത്തന സ്വാധീനം അനുഭവമാക്കുവാൻ കഴിയുന്നത്.

സ്നേഹിച്ചവരും വിശുദ്ധജീവിതം നയിച്ചവരും നേരുള്ളവരും രക്ഷിക്കപ്പെട്ടവരും സുവിശേഷ തൽപരരും ആയിരുന്നു എന്നത് എടുത്തുപറയേണ്ട സത്യമാണ്. എന്നാൽ അവരുടെ പരിജ്ഞാനത്തിന്റെ അളവിൽ നിന്ന് മുമ്പോട്ടുപോകുവാൻ എത്രമാത്രം സാധിച്ചു എന്നതും മറ്റൊരു ചോദ്യമായി മാറുന്നു. പരിമിതമായ അറിവുകൾകൊണ്ടും പിതാക്കന്മാർ സെന്റ് തോമസ് ഇവാൻജലിക്കൽ സഭയിൽ ചേർന്നതുകൊണ്ടുമാണ് നമ്മിൽ പലരും സെന്റ് തോമസ് ഇവാൻജലിക്കൽക്കാരായത്. ആ മാറ്റം നമ്മെ ഒരു സുവിശേഷ വിഹിത വിശ്വാസിയാക്കിമാറ്റിയോ?

ആരാണ് യഥാർത്ഥത്തിൽ സുവിശേഷ വിഹിത വിശ്വാസി? എങ്ങനെയാണ് ഒരു സഭ സുവിശേഷ വിഹിത സഭയാകുന്നത്? സെന്റ് തോമസ് ഇവാൻജലിക്കൽ സഭയ്ക്ക് വളരെ ശ്രേഷ്ഠമായ മൂന്ന് ലക്ഷ്യങ്ങൾ ഉണ്ട് എന്ന് നാം അവകാശപ്പെടുന്നു. പത്ഥ്യോപദേശം (sound teaching) പത്ഥ്യോപദേശത്തിനനുസരണമായ ജീവിതം (വിശുദ്ധ ജീവിതം) മൂന്നാമതായി അങ്ങനെ ജീവിക്കുന്നവർ സുവിശേഷം പങ്കിടുക (proclamation of the gospel) ഇവ വചനത്തിന്റെ അടിസ്ഥാനത്തിലുള്ള അവകാശവാദങ്ങളാണ്. തന്നെയുമല്ല, സുവിശേഷ വിഹിത വിശ്വാസത്തിന്റെ അടിസ്ഥാനപരമായ ഘടകങ്ങളുമാണ്. എന്നാൽ സഭയായും വ്യക്തിപരമായും ഈ അവകാശവാദങ്ങൾ എത്രമാത്രം യഥാർത്ഥ്യമാക്കുന്നു എന്നാണ് നാം പരിശോധിക്കേണ്ടത്. സഭയുടെ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണ് പ്രത്യേകിച്ച് സഭാ ചുമതലക്കാരുടെ സമർപ്പണവും സമയവും അതിനുവേണ്ടിയായിരിക്കണം ഉപയോഗിക്കേണ്ടത്.

സുവിശേഷ വിഹിതം എന്ന പദത്തെ വിശകലനം ചെയ്യേണ്ടത് ഈ കാലഘട്ടത്തിൽ അനിവാര്യമാണ് സുവിശേഷ വിഹിതം എന്ന പദത്തെ പല രീതിയിലാണ് വിശകലനം ചെയ്യപ്പെടുന്നത്. ചിലർ ചിന്തിക്കുന്നത് എല്ലാ Protestant സഭാ വിഭാഗങ്ങളും ഇവാൻജലിക്കൽക്കാർ എന്നാണ്. പാശ്ചാത്യ രാജ്യങ്ങളിലെ പുതിയ തലമുറക്കാരുടെ സഭകളും ഇവാൻജലിക്കൽക്കാരാണ് എന്ന് കരുതപ്പെടുന്നു. google search ൽ "who is an evangelical " എന്ന് അടിച്ചാൽ ഞെട്ടിപ്പിക്കുന്ന ഉത്തരങ്ങളാണ് ലഭിക്കുന്നത്. ഞാൻ ഭയപ്പെടുന്നത്, അതല്ലെ നമ്മുടെ പുതിയ തലമുറ വായിക്കുന്നതും പഠിപ്പിക്കുന്നതും.

അതുകൊണ്ട് എങ്ങനെയാണ് ഇവാൻജലിക്കൽ എന്ന പദം ഉണ്ടായത്? (the origin of the term evangelical) രണ്ടാമത് ഇവാൻജലിക്കൽ എന്ന വാക്കിന്റെ അർത്ഥമെന്താണ് (the meaning of the term evangelical) എന്ന് ഒരോ സുവിശേഷ വിഹിത വിശ്വാസിയും മനഃപൂർവ്വമായി പഠിച്ചിരിക്കണം. ആ പരിജ്ഞാനത്തിൽ നാം വളരണം.

1. Evangelical എന്ന വാക്കിന്റെ തുടക്കം (the origin of the term Evangelical)

Evangelical എന്ന പദം 'evangelion' എന്ന ഗ്രീക്ക് പദത്തിൽ നിന്ന് രൂപാന്തരപ്പെട്ടതാണ്. evangelion എന്ന വാക്കിന്റെ അർത്ഥം നല്ല വാർത്ത, നല്ല വിശേഷം, സന്തോഷമായ വാർത്തകൾ എന്നൊക്കെയാണ്. പുതിയ നിയമത്തിൽ ഈ പദം മൂന്ന് തവണയാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രവർത്തികളുടെ പുസ്തകം 21:8 " ഏഴുവരിൽ ഒരുവനായ ഫിലിപ്പോസ് എന്ന സുവിശേഷകന്റെ വീട്ടിൽ ചെന്നു " (Philip the evangelist) 2 തിമൊഥിയോസ് 4:5 സുവിശേഷകന്റെ പ്രവൃത്തി ചെയ്ക. (do the work of an evangelist) എഫേസ്യർ 4:11 "...ചിലരെ സുവിശേഷകന്മാരായും " (some to be evangelists ഈ മൂന്ന് ഭാഗത്താണ്. (evangelist) 'സുവിശേഷകൻ ' എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. ഈ മൂന്ന് ഭാഗത്തും ഈ വാക്ക് ഉപയോഗിക്കുന്നത് ഒരു പ്രത്യേക പ്രവൃത്തിയോടുള്ള ബന്ധത്തിലാണ്. ഉദാഹരണമായി ഫിലിപ്പോസ് സുവിശേഷം പ്രസംഗിച്ചു എന്ന പ്രവൃത്തി ചെയ്തതുകൊണ്ട് പരിശുദ്ധാത്മാവിനാൽ ലൂക്കോസ്, ഫിലിപ്പോസിനെ സുവിശേഷകൻ എന്ന് വിശേഷിപ്പിച്ചു. തിമൊഥെയോസിനോട് പൗലോസ്, സുവിശേഷകന്റെ പ്രവൃത്തി ചെയ്ക എന്ന് കല്പിക്കുന്നു. എഫേസ്യ ലേഖനത്തിൽ സുവിശേഷവേല ചെയ്യുന്നതിന് (ആ പ്രവൃത്തി) വരം ലഭിച്ചവർ എന്ന് പൗലോസ് എഴുതുന്നു. അപ്പോൾ evangelion എന്നത് ഒരു പുതിയ നിയമ പദമായിട്ടാണ് വേദപുസ്തകത്തിൽ കാണുന്നത്. അത് കർത്താവിന്റെ സുവിശേഷം അറിയിച്ചവരുടെ വിശേഷണ പദമായിട്ടാണ് എഴുതിയിരിക്കുന്നത്. വചനാടിസ്ഥാനത്തിൽ നാം മനസ്സിലാക്കേണ്ടത് സുവിശേഷം അറിയിക്കുന്നവരെയാണ് ആ പദത്താൽ അറിയപ്പെടേണ്ടത്, അല്ലാത്തവർ അതിന് യോഗ്യരല്ല എന്നതാണ്.

രണ്ടാമതായി നാം വിശകലനം ചെയ്യുന്നത് evangelical എന്ന വാക്കിന്റെ അർത്ഥമാണ്. (the meaning of the term evangelical) സുവിശേഷ വിഹിതമായ വിശ്വാസം; ദൈവവചനമായ 66 പുസ്തകങ്ങളടങ്ങിയ വേദപുസ്തകമാണ് വിശ്വാ

സത്തിനും ആചാരങ്ങൾക്കും സഭയുടെ നടത്തിപ്പിനും അടിസ്ഥാനമായിട്ടുള്ളത്. അതുപോലെ വചനാടിസ്ഥാനമായിരിക്കണം സാക്ഷീകരണവും. വിശുദ്ധമായ ഉപദേശം, വിശുദ്ധമായ ആചാരങ്ങൾ, വിശുദ്ധമായ സഭാ നടത്തിപ്പ് (Church government) വിശുദ്ധമായ സാക്ഷീകരണം.

സുവിശേഷ വിഹിതത്വം എന്ന വാക്കിന് രണ്ടു തരത്തിലുള്ള അർത്ഥമാണുള്ളത്. ഒന്ന് ദൈവശാസ്ത്രപരമായ അർത്ഥം, രണ്ടാമതായി ചരിത്രപരമായ അർത്ഥം.

ദൈവശാസ്ത്രപരമായ അർത്ഥം (theological meaning) ദൈവത്തിന്റെ പരമാധികാരത്തിൻ കീഴിലുള്ള വിഷയമാണ് സുവിശേഷ വിഹിതത്വം. സർവ്വശക്തനായ ദൈവം ഏകാധിപതിയും സകലത്തെയും സൃഷ്ടിക്കയും സകലത്തെയും പരിപാലിക്കുകയും ചെയ്യുന്ന ദൈവം. ദൈവം വിശുദ്ധനാണ്, പാപത്തോട് അലക്ഷ്യമായ സമീപനം ഉള്ളവനല്ല. എന്നാൽ ദൈവം പാപിയെ സ്നേഹിക്കുകയും പാപിയോട് കരുണ കാണിക്കുകയും ചെയ്യുന്നു. ദൈവം ശുഷ്കാന്തിയോടെ (actively) കഷ്ടതയിലാകുന്ന ജനത്തോട് താദാത്മ്യം പ്രാപിക്കുന്നവനാണ്. ദൈവം തന്റെ സ്വർഗ്ഗീയമായ പദ്ധതിയിലൂടെ പാപത്തിന്റെ അടിമത്വത്തിലും ദൈവത്തിൽ നിന്നും വേർപെട്ടും കിടന്ന മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുവാൻ വേണ്ടതായ പദ്ധതിയും മനുഷ്യനുവേണ്ടി ക്രിസ്തുയേശുവിൽ കൂടി ഒരുക്കിയവനാണ്. ദൈവത്തിന്റെ പദ്ധതിയോട് മനുഷ്യൻ സഹകരിക്കണം എന്നും മനുഷ്യൻ പൂർണ്ണമായി ദൈവഹിതത്തിന് കീഴടങ്ങി, ദൈവത്തെ അനുസരിച്ച് മനുഷ്യനുവേണ്ടി ദൈവം ഒരുക്കിയ രക്ഷ സ്വന്തമാക്കണം എന്നതാണ് ദൈവിക വഴി. അങ്ങനെയുള്ള പ്രവർത്തനത്തിൽ ദൈവകൃപ പൂർണ്ണമായും മനുഷ്യന് ലഭിക്കുകയും ചെയ്യുന്നു.

എല്ലാ തിരുവെഴുത്തും ദൈവശാസീയമാണെന്ന് വിശ്വസിക്കുകയും ദൈവവചനത്തെ ആദരിക്കുകയും ദൈവഇഷ്ടം വചനത്തിലൂടെ വെളിവാക്കപ്പെട്ടു എന്ന് ഇവാൻജലിക്കൽക്കാർ വിശ്വസിക്കുന്നു. എല്ലാ മനുഷ്യരും പാപം ചെയ്തു ദൈവ തേജസില്ലാത്തവരായി, എന്നുവച്ചാൽ പാപത്തിന്റെ ഫലമായി അധഃപതിച്ചുപോയി എന്നും മനുഷ്യനിലുള്ള നന്മകൾ എല്ലാം പാപത്താൽ കളങ്കപ്പെട്ടതാണ് എന്നും സുവിശേഷ വിഹിത വിശ്വാസികൾ അംഗീകരിക്കുന്നു. മനുഷ്യനിലുള്ള സഹജമായ നന്മയുടെ പ്രകാശനത്തെയും അതിൽ നിന്നുള്ള ഉപദേശത്തെയും തള്ളിക്കളയുന്നു. മനുഷ്യന്റെ പാപത്തിന് പരിഹാരവും രക്ഷയും യേശുക്രിസ്തുവിൽ കൂടി മാത്രമാണ്. യേശുവിന്റെ കാൽവറി ക്രൂശിലെ പാപപരിഹാരമായ യാഗം മാത്രമാണ് മനുഷ്യന് രക്ഷ നൽകുന്നത്.

സുവിശേഷ വിഹിത വിശ്വാസികൾ വിശ്വസിക്കുന്നത്, മനുഷ്യന്റെ മോക്ഷം (രക്ഷ) അർഹതയില്ലാത്ത ദൈവകൃപയാൽ മാത്രവും അത് ലഭ്യമാകുന്നത് യേശുക്രിസ്തുവിൽകൂടി മാത്രവുമാണ്. രക്ഷ നേടുവാൻ യാതൊരു രീതിയിലുമുള്ള സൽപ്രവൃത്തികളോ, മതപരമായ കൂദാശകളോ ആവശ്യമില്ല. പാപക്ഷമ ലഭിച്ചാൽ വീണ്ടും ജനനം പ്രാപിക്കുകയും ദൈവമുമ്പാകെ നീതീകരണം പ്രാപിക്കുകയും ദൈവിക ഭവനത്തിന്റെ അവകാശികൾ ആകുകയും ചെയ്യും.

ദൈവവചനഘോഷണം വളരെ പ്രാധാന്യമേറിയ ഉത്തരവാദിത്വമായിട്ടാണ് സുവിശേഷവിഹിതന്മാർ കാണുന്നത്. വചനത്തിന്റെ കേൾവിയിലൂടെയാണ് പരിശുദ്ധാത്മാവ് പാപിയായ മനുഷ്യനെ രക്ഷയിലേക്ക് നയിക്കുന്നത്. എഴുതപ്പെട്ട വചനമാണ് പ്രബോധനത്തിന് അടിസ്ഥാനമായ വചനം. വചനം പ്രബോധിപ്പിക്കുന്നവർ വിശുദ്ധ ജീവിതം നയിക്കുന്നവരായിരിക്കണം. വിശുദ്ധവും മാതൃകാപരവുമായ ജീവിതം ഒന്നിച്ചുപോകേണ്ടതാണ് എന്നാണ് സുവിശേഷ വിഹിത വിശ്വാസികൾ വിശ്വസിക്കുന്നത്. വിശുദ്ധ ജീവിതം ലോകത്തിൽ നിന്ന് വേർപെട്ട ജീവിതമല്ല പിന്നെയോ, അശുദ്ധമായതിനെ അതിജീവിച്ച് പോരാട്ടത്തിലൂടെ മുന്നേറി സമൂഹത്തിൽ വ്യത്യസ്തനായി ജീവിക്കുന്നതാണ്. അങ്ങനെയുള്ള ജീവിതരീതിയിലൂടെയാണ് സഭ ലോകത്തെ കർത്താവിന്റെ പരിജ്ഞാനത്തിലേക്ക് നയിക്കേണ്ടത്. ഒരു ശിഷ്യന്, സമൂഹത്തോട് ദൈവിക ഉത്തരവാദിത്വവും കടമയും ഉണ്ട്.

സുവിശേഷ വിഹിത വിശ്വാസി കർത്താവിന്റെ രണ്ടാമത്തെ വരവിനെ നോക്കി പാർക്കുന്നവനും യേശു തിരികെ വന്ന് നീതിയുടെയും സമാധാനത്തിന്റെയും രാജ്യം സ്ഥാപിക്കുമെന്നും അവന്റെ രാജത്വത്തിന് അവസാനമില്ല എന്നും വിശ്വസിക്കുന്നു. കർത്താവിന്റെ വരവിങ്കൽ, കർത്താവ് ലോകത്തെ ന്യായംവിധിക്കുകയും തന്നിൽ പ്രത്യാശ വച്ചവരെ തന്നോടൊപ്പം ചേർക്കുകയും ചെയ്യുന്നു. സുവിശേഷ വിഹിതന്മാർ ദൈവവചനാടിസ്ഥാനത്തിലുള്ള എല്ലാ ഉപദേശങ്ങളും സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

(തുടരും)

CHRISTIAN STEWARDSHIP AND AN EFFECTIVE SOCIAL LIFE

Godwin Biju Thomas
Bangalore

കഴിഞ്ഞ ലക്കം തുടർച്ച

"It is easy to stand in the crowd but it takes courage to stand alone" – Mahatma Gandhi. Yes it is easy to worship God when everyone worships Him together but it is not easy to stand alone in our society and worship Him. The core purpose of Christian Stewardship lies here. Even when the darkness cover us , if we kindle a light ,then we are His stewards. Doing good for the society might bring a satisfaction for the people but doing good for God might bring God's blessing to us. It is not easy to balance both these acts. But if we have a will to accomplish both the tasks ,then we can, eventhough it is like the two sides of a coin. Your mindset is what separates the best from the rest.

How can we be God's stewards by helping the society? The two perfect examples for people who achieved this was as follows;1) Ida S .Scudder - In the early 1890s in India, before Ida Scudder had even decided to study medicine, she was summoned one evening to attend several women in childbirth whose husbands refused to allow the presence of a male doctor. Watching helplessly as all three women died, Scudder committed herself to providing Indian women with medical education and care. She went on to do just that, in a career spanning five decades. After watching three women die in childbirth she changed her mind, realizing that she wanted to carry on the work of a medical missionary. She went to USA for her studies and came back to the same place for the medical treatments. In 1923, again with the support of many denominations, she built a larger hospital in the center of Vellore. In this way she was accepted by the people there and she was also able to spread the Gospel which made her a Steward of Christ and a devoted social worker.2) William Carrey- He came to Kolkata in 1793 for missionary work. The following year, Carey removed himself from the society's financial support when he became superintendent at an Indigo plant in Mudnabati, Bengal. There he also preached, taught, and began his first Bible translation. Appointed in 1801 to teach Bengali, Sanskrit, and Marathi at Fort William College, Carey translated the Bible into Bengali, Oriya, Marathi, Hindi, Assamese, and Sanskrit. He also translated parts of it into 29 other languages and dialects. He edited, with Marshman, a grammar in Bhotia and prepared six other grammars in different languages. His social work extended beyond education to urge the government to outlaw such practices as infanticide and 'sathi'.He also encouraged the use of Indians as missionaries and led in the formation of the Agricultural Society of India in 1820.

The above personalities are just two examples who inspired me ,but there are many who lived like that. If we see these examples clearly we can find out something in common. Those who have a desire to live for God ,no longer cares about their lives because they are assured that they'll

be safe in God's hand ,who called them for His work. They no longer care about their family or possessions because they know that the head of their family is Christ. When we become the stewards of Christ , we unknowingly reflect that in our social life which will make an impact on the people in the society .You can have a bad heart internally and a good character externally but not for so long because a bad heart is like the disease ,Cancer, as it slowly consumes you and makes the whole body affected by it. But you cannot have a good heart and a bad character because the internal character of a good heart is always good ,both outside and inside. This is what happens when we become a faithful steward of Christ. We will accept Christ in our heart which makes our heart good and then we automatically help the society for the Glory of His name because the core of our life ,that is ,our heart is Christ rooted. Proverbs 4:23 says "above all else, guard your heart, for everything you do flows from it. "Yes that might be the reason why David is known as the one who had God's own heart.

Yes ,if we accept Jesus Christ and live faithfully, then we are His stewards and then our acts will be Christ willing. But how can we implant it in our social life as stewards of Christ ,at present? The true fact is that there are only a few christians when compared to other religions in India and therefore it is not easy to do a good work in the name of Christ because most of the people follow their ncient traditions and it is the duty of a steward of Christ to show the society, the path of light by reflecting Christ through their lives which may or may not have an influence on the people. This is not a choice for a Christian ,it is a MUST! On the day before the crucification of Jesus Christ ,He said to Peter ,one of his disciples, that he was going to deny Him(Jesus)before the rooster crows three times the next day ,but Peter said that he wouldn't. After all he had to deny Jesus to protect himself when the people recognized him. So eventhough Peter was well aware of the ministry and life of Jesus Christ, he said that he didn't even know who Jesus was. Yes, Jesus told to Peter that he would deny Him and it was prophesied to Peter by Jesus and Jesus forgave him .As stewards of Christ ,we might be so close to God like Peter but will you and me be able to uphold that faith till our last breath? God will honor those who honor Him. This will be unchanging over all the generations. For SURE!

There is no point in being committed to a vision if you are not equally committed to making it a reality."-Tim Fargo. There might be thousands of people who will oppose us when we lift the name of Jesus Christ in this society, but as a steward of Christ , if we believe that God, the father is with us, who gives us strength when we weaken ourselves, then we can conquer the world. The missionaries who gave their life for Christ took good care of the responsibility that was laid upon them. We might have been persecuted and mocked among our friends in our school ,college or in working places for talking about Jesus and we might have felt distressed. Never mind because those persecutions that we faced are not worthless because it will definitely have a result in future. Let me remind you , If Christ is for us then who can be against us?

At last, we should be the Samaritan who helped the wounded man recover his health. We should use our time, money and our life for the betterment of our society. Praying for the sick ones and caring for the poor ones in our society can bring a change in their life and in our life. Proclaim the name

of Jesus Christ by caring for others so that our words will be effective for the society. The world must know that Jesus Christ is the King and the Lord of the world because He deserves that Glory .Let the world know that Jesus loves them because He gave His life for the world as a sign of his great adoration. The foundation of our social life should be our Christian life. An effective Christian life is a life that pleases God and an effective social life is a life that pleases the society. The only solution to drive both these lives in a straight line is to have a habit of prayer because it is the time when God gives us His instructions. When Prayer becomes your habit ,Miracles become your lifestyle!

“To be committed means to omit all your complaints and carry on doing what needs to be done”- Janna Cachola. If we are true stewards of God, we will never mind about the losses of our life that took place because of our commitment to be a steward .If we are committed to God and the society ,then God and the society will be committed to us. A faithful steward of Christ doesn’t fear on what will happen next if he stands for Christ ,he will be enthusiastic on what good will happen to his society and his life , if he is completely committed. We worship Jesus Christ with complete freedom because of the commitment of many Missionaries who gave their life for Christ. Those missionaries had a great dream about evangelizing the world. The killers of those missionaries were able to kill that dreamer but they can never kill that dream. If you work for your dream your dream will work for you .

Faithful stewards of Christ never retire. You can retire from your profession but you cannot retire from serving God if you are a true steward of Christ. Having great riches and honors are not the resources of having an effective social life. The core source is faithfulness and commitment .The faithfulness and commitment that we have to our people will surely have an impact on how the society evaluates our lifestyle. But the only way to get these resources in our life is to have Christ in our life .Living without Christ is like having a candle without its flame. As stewards of Christ , let us love our society and our God and let us be completely committed. Standing for Christ in our society might be hard at present but if we do that, we will be able to reap our harvest in future. So let us be a faithful steward of Christ and have an effective social life .

“A faithful steward of Christ in a secular society is like a blazing candle in a vast area of darkness”. May God help us to be that candle because the whole darkness covering that candle cannot quench the blazing flame.

ആവശ്യമുണ്ട്

RCC യിൽ വരുന്ന നിർധനരായ ക്യാൻസർ രോഗികൾക്കു വേണ്ടി തിരുവനന്തപുരം പട്ടണത്തിൽ നടത്തപ്പെടുന്ന സ്ഥാപനത്തിലേക്ക് ഒരു സുവിശേഷകനെയും വിപുലീകരണത്തിനായി സൗകര്യപ്രദമായ ഒരു കെട്ടിടവും ആവശ്യമുണ്ട്. ദയവായി ബന്ധപ്പെടുക.

Ph:9446549397, 9446534397

ഇടയന്റെ സാമീപ്യം
ഭയത്തിൽ നിന്നുള്ള ഭാവമാറ്റം

റെജി പോൾ, കവിയൂർ

ലോകം എമ്പാടുമുള്ള കുട്ടികളും യുവജനങ്ങളും വൈകാരികമായ സമ്മർദ്ദം, ശിഥില ചിന്തകൾ, ആധി, വിഷാദാവസ്ഥ, കോപം, ഒറ്റപ്പെടൽ ഈ അവസ്ഥ എത്രകാലം എന്ന അനിശ്ചിതത്വത്തിന്റെ മദ്ധ്യത്തിൽ ആയിരിക്കുമ്പോൾ ഇവരുടെ ആത്മീകതയെ പരിപോഷിപ്പിക്കുക എന്നത് അവരുടെ സാമൂഹിക- വൈകാരിക- മാനസിക ഉറപ്പിനും വളർച്ചയ്ക്കും ആവശ്യമാണ്.

വളരെയധികം യുവജനങ്ങൾ തങ്ങളുടെ പൂർണ്ണ മാനസിക- ശാരീരിക- ആത്മീക വളർച്ചയ്ക്ക് ഉതകാത്ത തരത്തിലുള്ള അന്തരീക്ഷത്തിൽ ചേർന്നു ജീവിക്കേണ്ടിവരുന്ന ഒരു സാഹചര്യം നിലനിൽക്കുന്നു. ഇതിന് കാരണം നവ മാദ്ധ്യമങ്ങളിൽ കൂടി കടന്നുവന്നു പ്രചരിക്കുന്ന അക്രമ സംഭവങ്ങൾ തങ്ങളുടെ ലഭ്യമായിരുന്ന സാമൂഹിക സ്ഥിരതയിൽ വന്ന മാറ്റങ്ങൾ, വിദ്യാഭ്യാസം, ജോലി എന്നിവയിൽ വന്ന മുടക്കം അറിവു സമ്പാദനത്തിന് ഉതകുന്ന ഇന്റർനെറ്റ് അനുബന്ധ ഉപകരണങ്ങളുടെയും ലഭ്യത കുറവ് എന്നിവയൊക്കെ ആകാം. ഇതോടൊപ്പം തന്നെ കുടുംബ ജീവിതത്തിൽ ലഭ്യമാകേണ്ടുന്ന ആഹ്ലാദ നിമിഷങ്ങൾ നൽകുന്ന ഉത്സവങ്ങൾ, അവധിയാഘോഷങ്ങൾ, കൂടിച്ചേരലുകൾ, ആത്മീക- സാമൂഹിക പരിപാടികൾ എന്തിനേറെ മരണപ്പെട്ടവരെ മാന്യമായി യാത്രയയക്കാൻ പോലും സാധിക്കാത്ത അവസ്ഥ എന്നിവ ഇവരുടെ ജീവിതം ദുസ്സഹമാകുന്നതിന് കൂടി കാരണമാകുന്നു. ഒപ്പം ഭവനങ്ങളിലെ വർദ്ധിച്ചുവരുന്ന അക്രമണ വാസന, സമ്മർദ്ദങ്ങൾ, ഭക്ഷ്യപദാർത്ഥങ്ങളിലെ ലഭ്യത കുറവ്, ശാരീരിക പ്രശ്നങ്ങളും പ്രാഥമിക ആവശ്യങ്ങളിൽ പോലുമുള്ള ലഭ്യത കുറവ് എന്നിവ കാര്യങ്ങൾ കൂടുതൽ വഷളാക്കുന്നു.

ഇവിടെയാണ് ദൈവിക ഇടപെടലുകളെ പറ്റിയും ദൈവിക സാന്നിദ്ധ്യത്തെക്കുറിച്ചും സംസാരിക്കുവാനും അതിൽ ഉറപ്പുള്ളതാക്കുവാനും ഉള്ള ശ്രമം നടത്തുന്നത്. ദാവീദ് 23-ാം സങ്കീർത്തനത്തിൽ കൂടി വളരെ വസ്തു നിഷ്ഠമായ അടയാളങ്ങൾ നൽകി ആത്മീക ജീവിതത്തെ ഉറപ്പുള്ളതാക്കുന്നതിനും ആയതിൽ കൂടി സാമൂഹിക ജീവിതത്തിന് ക്രമം വരുത്തുന്നതിനും ഉത്ബോധിപ്പിക്കുന്നു. എഴുത്തുകാരൻ കടുത്ത പ്രതിസന്ധികളെ തരണം ചെയ്തതിന് ശേഷമുള്ള സന്തോഷത്തിൽ, പ്രത്യാശയുടെയും ലഭിച്ച വിശ്വാസത്തിന്റെയും മുറിവേൽക്കാത്ത ബലത്തിന്റെയും പ്രതീകമായി സങ്കീർത്തനത്തെ അവതരിപ്പിക്കുന്നു. ആടുകളോട് ഇടയനുള്ള സ്നേഹ ബന്ധത്തെ അറിയാവുന്ന ഇടയനായിരുന്നിട്ടുള്ള ദാവീദ് ദൈവത്തെ നല്ല ഇടയനോട് സാദൃശ്യപ്പെടുത്തുമ്പോൾ ധൈര്യപ്പെടുന്നു. കടുത്ത അനിശ്ചിതാവസ്ഥയുടെയും ജീവിത നിയന്ത്രണങ്ങളിൽ ഒരു സ്വാധീനവും ഇല്ലാതെ വരുമ്പോഴും യഹോവ എന്റെ ഇടയനാകുന്നു എന്ന ഉറപ്പോടെ നമ്മുടെ ജീവിതത്തെ ദൈവകരങ്ങളിൽ ഏൽപ്പിക്കുക. അതോടൊപ്പം നമ്മുടെ ജീവിതം ഉറപ്പോടെ സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കേണ്ട ദൈവത്തിന്റെ അതീവ ജ്ഞാനത്തിൽ വിശ്വസിക്കുന്നവരുമാകണം. ഈ വിശ്വാസത്താൽ നമ്മൾ സ്വയം തീർത്ത പ്രതിരോധ വസ്തുക്കൾക്ക് ഉപരിയായി നല്ല ഇടയൻ നടത്തുമെന്നുള്ള തലത്തിലേക്ക് എത്തിക്കേണ്ടതുമാണ്. ആടുകൾ വളരെ ബലഹീനരാകുന്നതുപോലെ തന്നെ ശത്രുവിന്റെ മുൻപിൽ ആർ നമുക്ക് വഴികാട്ടിയാകും എന്നുള്ള അറിവും അറിവിൻ മേൽ ലഭിച്ച ഉറച്ച വിശ്വാസവും പ്രതിസന്ധികളിൽ കൂടി നമ്മെ കടന്നുപോകുവാൻ പ്രാപ്തരാക്കുന്നു.

1. പച്ചയായ പുൽപ്പുറവും സ്വച്ഛതയുള്ള ജലവും (23:2)

നമ്മൾ ദൈവത്തിൽ പൂർണ്ണമായും വിശ്വസിച്ചു തുടങ്ങുമ്പോൾ മനസ്സും ശരീരവും പ്രശാന്തതയുടെയും നിശ്ചലതയുടെയും അനുഭവത്തിലേക്ക് കടക്കുന്നു. ദാവീദ് തന്റെ അനുഭവം പങ്കുവയ്ക്കുന്നു. തന്റെ ഇടയൻ തന്നെ എത്തിച്ച ജീവിതത്തിന്റെ പുതിയ അനുഭവങ്ങളെ പ്രകടിപ്പിക്കുന്നു. പച്ച പുൽപ്പുറത്തിന്റെയും പ്രശാന്തതയുടെയും അവ

സ്ഥയിൽ ലഭിച്ച ജീവിതത്തെ അവൻ ആഘോഷിക്കുന്നു. എല്ലാം കീഴ്മേൽ മറഞ്ഞിരിക്കുന്നു എന്ന മാനസിക ചിന്തയിൽ ആയിരിക്കുന്ന സാധാരണ ജീവിതം വെല്ലുവിളി നേരിടുന്ന അവസ്ഥയിൽ അനിശ്ചിതാവസ്ഥയും സന്തോഷമില്ലായ്മയും നിറഞ്ഞ സാഹചര്യത്തിൽ നമ്മുടെ ഇടയനായ ദൈവത്തിങ്കലേക്കുള്ള ചേർന്നു നിൽപ്പ് നൽകുന്ന ആശ്വാസം, നഷ്ടപ്പെട്ട ആത്മവിശ്വാസത്തെ തിരിച്ചുകൊണ്ടുവന്ന് മറ്റുള്ളവരുമായി ഉണ്ടായ ഇഴയകലങ്ങളെ അടുപ്പിക്കുവാനും നഷ്ടപ്പെട്ടവയെ തിരികെ കൊണ്ടുവരുവാനും ഈ ഭൂമിക്ക് നമ്മെ ഇനിയും ആവശ്യമുണ്ടെന്ന തോന്നൽ ദൃഢപ്പെടുവാനും കാരണമാകുന്നു.

2. അനർത്ഥങ്ങളെ ഭയപ്പെടാത്ത അവസ്ഥയിലേക്ക് (23:4)

കൂട്ടുചേരലുകൾ സമാധാനകാലത്ത് ആഹ്ലാദം പകരുന്ന ഒന്നാണ്. എന്നാൽ ഈ മാറിയ സാഹചര്യത്തിൽ ഭവനത്തിനുള്ളിലെ അടച്ചിട്ട അവസ്ഥയും അനിശ്ചിതാവസ്ഥയും ഭവനങ്ങളിലെ അക്രമങ്ങൾക്ക് സാക്ഷികളാകുന്നു, അനുഭവിക്കേണ്ടി വരുന്നു. പലപ്പോഴും ഭവനാന്തരീക്ഷത്തിൽ തന്നെ ശാരീരിക പീഡനം, ലൈംഗിക അതിക്രമങ്ങൾ, ക്രൂരമായ ശാരീരിക ദുരുപയോഗങ്ങൾ എന്നിവ തുടർക്കഥയാകുന്നു. ചിലർ മാനസിക വൈകാരിക അധിക്ഷേപങ്ങൾക്ക് വിധേയരാകുവാനും ഭാഗമാക്കപ്പെടുകയും ചെയ്യുന്നു. ഒറ്റപ്പെടൽ സംഭവിക്കുന്നു. ദാവീദിന്റെ പരാമർശം ഇവിടെ പ്രസക്തമെങ്കിലും വളരെ ചോദ്യം ചെയ്യപ്പെടുന്നതുമാകുന്നു. "കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല" എങ്ങനെയാണ് ഈ അതിക്രമങ്ങളെ കാണുന്ന അനുഭവിക്കുന്ന യുവജനങ്ങൾ/ കുട്ടികൾക്ക് "ഒരു അനർത്ഥവും ഭയപ്പെടുകയില്ല" എന്നു പറയുവാൻ സാധിക്കുന്നത്. ഇവിടെയാണ് പ്രസ്താവനയുടെ കാമ്പ്. ഇടയന്റെ സാമീപ്യത്തിലും അനർത്ഥങ്ങൾ ഉണ്ടാകുമെങ്കിലും അതിൽ കൂടി കടന്നുപോകുവാനുള്ള ധൈര്യവും ശക്തിയും വിശ്വസ്തനായ ഇടയനിൽ കൂടി ലഭ്യമാകുന്നു. ലഭ്യമാകുന്ന ശക്തി നമ്മുടെ സഹായം ആകുന്നു, നിവർന്ന് നിന്ന് പാടില്ല എന്നു പറയുവാനുള്ള ധൈര്യം നൽകുന്നു. ഇടയൻ പകർന്നുതരുന്ന ബലത്തിൽ ജീവിതത്തിന്റെ കൂരിരുൾ താഴ്വര കടക്കുവാൻ പ്രാപ്തരാകുന്നു.

3. ഇടയന്റെ ആശ്വസിപ്പിക്കുന്ന സാമീപ്യം, നന്മ, സ്നേഹം (23:4)

നല്ല ഇടയൻ ശക്തി പകർന്നു തരുക മാത്രമല്ല, കഠിന പാതകളിൽ സാമീപ്യത്തിൽ കൂടി നന്മയും സമാശ്വാസവും സ്നേഹത്തിന്റെ അടയാളങ്ങളും തന്ന് സഹായിക്കുന്നു. ഇവിടെ നല്ല ഇടയന്റെ വടിയും കോലും നമ്മെ ശിക്ഷിക്കുന്നതിനല്ല, മറിച്ച് കാലിടറി, നിസ്സഹായതയുടെയും അനിശ്ചിതത്വത്തിന്റെയും ബലഹീനതയുടെയും നടുവിൽ ബലം നൽകുന്നവയുമാകുന്നു. മുന്നോട്ടുള്ള നടപ്പിൽ സഹായി ആകുന്നു. ഇവിടെ ദൈവത്തിന്റെ വടിയും കോലും നമുക്ക് ലഭിക്കുന്ന സഹായത്തിന്റെ പ്രതീകമാകുന്നു. ജീവിതത്തിന്റെ അനിശ്ചിതത്വങ്ങളിൽ കൂടി കടന്നുപോകുവാൻ സഹായിച്ച വ്യക്തിപരമായ ദൈവസാന്നിദ്ധ്യത്തെ ഇവിടെ സൂചിപ്പിക്കുന്നു (24:5)" എന്റെ ശത്രുക്കൾ കാൺകെ നീ എനിക്ക് വിരുന്നൊരുക്കുന്നു." ദൈവം ഒരുക്കിയ വിരുന്നിൽ പങ്കെടുക്കുവാൻ അനുവദിക്കപ്പെട്ടതിന്റെ മാഹാത്മ്യം, അഭിമാനം, നമ്മൾ അനുഭവേദ്യം ആക്കേണ്ടുന്ന ദൈവവുമായുള്ള ബന്ധം, വിശ്വാസത്തിലധിഷ്ഠിതമായ ക്ഷണിക്കപ്പെട്ടതിന്റെ അനുഭവം, കരുതൽ, സ്നേഹവും സംരക്ഷണവും ആയവ ദാവീദ് ഇവിടെ തുറന്നു പറയുന്നു. മാത്രമല്ല, "എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു" എന്ന പ്രസ്താവനയിലൂടെ ദൈവസ്നേഹത്തിന്റെ അപാരതയെ വെളിവാക്കുന്നു. ആരോഗ്യദായകമായ അന്ത്യത്തിലേക്ക് നല്ല ഇടയൻ നമ്മെ എത്തിക്കുന്നു. ശാരീരിക മുറിവുകളേയും മാനസിക സംഘർഷങ്ങളെയും വൈകാരിക ദുഃഖങ്ങളെയും മാറ്റി ദീർഘകാല സുഖാവസ്ഥ നല്ല ഇടയൻ നൽകുന്നു. ദൈവ സാന്നിദ്ധ്യത്തിലുള്ള ഇരിപ്പ്, നടത്തം, പ്രവൃത്തി എന്നിവ നമ്മെ വിടുതലിന്റെ തുടർമാനമായ സ്നേഹത്തിന്റെയും നൽവഴികളിലേക്കും നയിക്കുന്നു. ഈ കരുതലിന്റെ അവസ്ഥ ജീവിതകാലം മുഴുവൻ പിൻതുടരും എന്ന് അസ്സന്നിഗ്ദമായി ദാവീദ് പ്രസ്താവിക്കുന്നു.

എപ്പോഴും ദൈവസാന്നിദ്ധ്യത്തിൽ തുടരുക. അവൻ അതുവഴി സംരക്ഷണയിലും കരുതലിലും ശക്തപ്പെട്ടവരുമായി സൂക്ഷിക്കുന്നു. സംഘർഷ, സമ്മർദ്ദ, നിർഭയമായ ഈ കാലഘട്ടത്തിൽ ദൈവശക്തിയിൽ കൂടി ഒരു മാറ്റമുണ്ടാക്കാം, ദൈവശക്തിയിൽ കൂടി ലഭിക്കുന്ന വിടുതലിന്റെ ഭാഗമാകാം. നല്ല ഇടയനോട് ചേർന്ന് അവനെ വിശ്വസിച്ച് ദൈവത്തിന്റെ അദമ്യമായ സ്നേഹം നയിക്കുന്ന വഴികളിലൂടെ സഞ്ചരിച്ച് ജീവിതത്തിന്റെ പൂർണ്ണതയിലെത്തിച്ചേരാം. സങ്കീർത്തനക്കാരനോട് ചേർന്ന് നമുക്കും പറയാം "അവിടെ ഞാൻ ദീർഘകാലം വസിക്കും".

കർത്താവ് തനിക്കുള്ളവരെ അറിയുന്നു

ഇവാ. വർഗീസ് കുര്യൻ പി, ആനിക്കാട്

ഇന്നു ലോകത്തിൽ നടക്കുന്ന ഒരോ സംഭവങ്ങളും കേൾക്കുന്ന ഓരോ വാർത്തകളും വിശ്വാസികളെ ആകമാനം ഭയവിഹ്വലരാക്കുന്നു. കൊറോണ ഭീതിയിൽ മനുഷ്യർ പരിഭ്രാന്തരായി ഭവനത്തിൽ നിന്നും കഴിവതും പുറത്തിറങ്ങാതെ ഇരിക്കുന്നു. ഇതുപോലുള്ള എത്ര വലിയ കൊടുങ്കാറ്റും ചുഴലിക്കാറ്റുകളും അടിച്ചാലും കർത്താവ് തനിക്കുള്ളവരെ അറിയുന്നു എന്ന സത്യം വിശ്വാസികളായ നമുക്ക് ഉറച്ച നങ്കൂരമത്രേ.

ലോകസൃഷ്ടി മുതൽ ദൈവം തനിക്കുള്ളവരെ താഴ്ചയിലും ഉയർച്ചയിലും അറിഞ്ഞ് ദൂരദേശത്തു നിന്നും അവരെ തന്റെ മഹത്വത്തിനായി എടുത്തുപയോഗിച്ചത് നമുക്ക് വളരെ അത്ഭുതമായി തോന്നാം. കൽദയ ദേശത്തുനിന്നും അബ്രഹാമിനെ വിളിച്ച് "വിശ്വാസികളുടെ പിതാവാക്കി" തന്റെ ജനത്തെ രക്ഷിക്കുന്നതിലുള്ള ഉത്തരവാദിത്വം ഏല്പിച്ചു. മോവാബ്യ സ്ത്രീ യായ രൂത്തിനെ യിസ്രായേലിന്റെ സംരക്ഷണയിൽ കൊണ്ടുവന്ന് ദാവീദിന്റെ വല്യമ്മച്ചി ആക്കി . ആടുകളെ മേയിച്ചുകൊണ്ടിരുന്ന ദാവീദിനെ തന്റെ ജനത്തെ ഭരിപ്പാൻ യോഗ്യനാക്കി. കാളപൂട്ടി കൃഷി ചെയ്തുകൊണ്ടിരുന്ന ഏലീശയെ വിളിച്ച് ഏലിയാവിന്റെ ഇരട്ടി ശക്തികൊടുത്തു. കാട്ടത്തിപ്പഴം പെറുക്കിയ ആമോസിനെ പ്രവാചകനാക്കി മാറ്റി. ഇതുപോലെ എണ്ണമറ്റ സാക്ഷ്യം പറയാനുണ്ട്. "ദൈവം തനിക്കുള്ളവരെ അറിയുന്നു" എവിടെയായിരുന്നാലും എങ്ങനെയായിരുന്നാലും ദൈവം അറിയുന്നു. ഇതു നമ്മുടെ ചിന്തയ്ക്കും കാഴ്ചയ്ക്കും അപ്പുറമല്ലേ? വിശ്വാസികളായ നമുക്ക് ദൈവം ശ്രേഷ്ഠമായ അനുഗ്രഹങ്ങൾ നൽകിയിരിക്കുന്നു. നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തു, ഒന്നുമില്ലായ്മയിൽ നിന്നു നമ്മെ സമ്പൂർണ്ണരാക്കി. ദൈവതെരഞ്ഞെടുപ്പിന്റെ രഹസ്യം അതിശയമത്രേ. "സഹോദരന്മാരെ നിങ്ങളുടെ വിളിയെ നോക്കുവിൻ ലോകഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല. ബലവാന്മാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ല, ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതിനെ തെരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മ ചെയ്യുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടമായതും ഏതുമില്ലാത്തതും തെരഞ്ഞെടുത്തു.

രോഗം, ദുഃഖം, കഷ്ടം, കണ്ണുനീർ, മരണം എന്നിവ നിറഞ്ഞ ഈ ലോകജീവിതത്തിൽ ദൈവം തന്റെ ഓരോ പൈതലിനെയും അറിയുന്നു എന്നതിൽ കവിഞ്ഞ് ഒരു ദൈവപൈതലിനു മറ്റെന്തു സംരക്ഷണമാണ് വേണ്ടത്. കൊടുങ്കാറ്റും ചുഴലിക്കാറ്റും ചുറ്റിയടിക്കുന്ന രാജകീയ പാതയിൽ തന്റെ മക്കൾ മുന്നോട്ടു വയ്ക്കുന്ന ഓരോ കാലടിയുടെ ശബ്ദവും തന്റെ കാതുകളിൽ കേൾക്കാതെ പോകയില്ല "നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു (യെശ. 43:1) എന്നു പറയുന്നു. കരയുന്ന കാക്കകുഞ്ഞുങ്ങൾക്ക് അതതിന്റെ ആഹാരം കൊടുക്കുന്ന (സങ്കീ. 147:9) ദൈവം തന്റെ ഏകജാതനായ പുത്രനെ നമുക്കായി നൽകി. മാത്രമല്ല ഇന്നു നാം ലോകത്തിൽ കാണുന്നതും അദൃശ്യമായതും വാഴ്ചകളാകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു (കൊലോ. 1:16) നമ്മുടെ മാനസീകാവസ്ഥ, സ്നേഹം, സകലവും അറിഞ്ഞിരിക്കുന്ന ദൈവത്തിനു മറവായി ഒന്നുമില്ല. നമ്മുടെ കഴിഞ്ഞ കാലജീവിതാവസ്ഥ മാത്രമല്ല നമ്മുടെ ഭാവികാലവും ജീവിതത്തിനു മറഞ്ഞിരിക്കുന്നില്ല. ഇതറിഞ്ഞ ദാവീദ് "നിന്റെ ആത്മാവിനെ ഒളിച്ച് ഞാൻ എവിടേക്ക് ഓടും" (സങ്കീ. 139: 7) മാത്രമല്ല നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു (യിര. 1:5) ഈ ദൈവത്തെ വിട്ടു ദൈവ സ്നേഹത്തെ വിട്ടു നമുക്ക് എവിടേക്കു പോകുവാൻ കഴിയും?

ദൈവത്തെ സ്നേഹിക്കുന്നവരെ ദൈവം അറിഞ്ഞിരിക്കുന്നതുമല്ലാതെ, അവരെ നേരിടുന്ന പരീക്ഷകളിൽ നിന്നും വിടുവിപ്പാൻ മതിയായവനത്രേ. (2 പത്രോ. 2:9). നമ്മെ അഭിമുഖീകരിക്കുന്ന പരീക്ഷകളും അതിൽ നിന്നു വിടുതൽ പ്രാപിക്കാ

ദൈവത്തെ സ്നേഹിക്കുന്നവരെ ദൈവം അറിഞ്ഞിരിക്കുന്നതുമല്ലാതെ, അവരെ നേരിടുന്ന പരീക്ഷകളിൽ നിന്നും വിടുവിപ്പാൻ മതിയായവനത്രേ. (2 പത്രോ. 2:9). നമ്മെ അഭിമുഖീകരിക്കുന്ന പരീക്ഷകളും അതിൽ നിന്നു വിടുതൽ പ്രാപിക്കാനുള്ള വഴിയും വിധവും നമുക്കറിയാൻ പാടില്ലായെങ്കിലും നമ്മുടെ വഴി ചൊവ്വുള്ളതാക്കാൻ നമുക്കു മുൻപായി പോകുന്നവനത്രേ നമ്മുടെ ദൈവം.

നുള്ള വഴിയും വിധവും നമുക്കറിയാൻ പാടില്ലായെങ്കിലും നമ്മുടെ വഴി ചൊവ്വുള്ളതാക്കാൻ നമുക്കു മുൻപായി പോകുന്നവനത്രേ നമ്മുടെ ദൈവം (യെശ. 45:2) ശത്രുവിന്റെ സകല തന്ത്രങ്ങളും വിശ്വാസികളായ നമുക്കെതിരെ അവൻ വീശുന്ന സകല വലകളും സർവ്വശക്തനായ ദൈവത്തിന്റെ കൺമുമ്പിൽ ഉണ്ട് (ഇയ്യോ. 23:10) ഞാൻ നടക്കുന്ന വഴി അവൻ അറിയുന്നു. അതു മാത്രമല്ല നമ്മുടെ പരീക്ഷകളിൽ സദാകാലവും അവിടുത്തെ സാന്നിദ്ധ്യം ഉണ്ടെന്ന് നമുക്കു വാഗ്ദത്തം തന്നിരിക്കുന്നതിനാലും അതിൽ നിന്നുള്ള വിടുതൽ പ്രാപിപ്പാനുള്ള വഴി ദൈവം ഒരുക്കിയിരിക്കുന്നതിനാലും നാം ക്ഷീണിച്ചു പോകേണ്ട ആവശ്യം ഇല്ലതന്നെ. (മത്താ. 4:1, 1 കൊരി. 10:13) നമ്മുടെ ബലഹീനതകൾ അറിഞ്ഞ് നമ്മോട് കൂടെ ഇരിക്കുന്ന ദൈവത്തെ സേവിക്കുവാനും മഹത്വപ്പെടുത്തുവാനുമുള്ള ഉത്തരവാദിത്വത്തിൽ നിന്നു വിശ്വാസികളായ നാം മാറരുത്.

അകവും പുറവും അറിഞ്ഞ് നമ്മെ താങ്ങി നടത്തിവരുന്ന സ്നേഹത്തിൻ രക്ഷകൻ നമ്മിൽ പൂർണ്ണ അധികാരം നടത്തുന്നതിനു നമ്മെ വിട്ടു കൊടുക്കാം. ദൈവത്തിനും ദൈവവചനത്തിനും വിരോധമായിട്ടുള്ള സകല കാര്യങ്ങളും നമ്മിൽ നിന്ന് അകറ്റിക്കളയാം. കർത്താവിന്റെ തൂളയ്ക്കപ്പെട്ട ഹൃദയത്തിനു പരിപൂർണ്ണ സംതൃപ്തി നൽകാം. അവിടുത്തെ ആത്മ ബലിയുടെ ഫലം നമ്മുടെ ജീവിതത്തിൽ കണ്ടു തൃപ്തിപ്പെടട്ടെ. ദൈവം നമ്മെ അറിഞ്ഞതുപോലെ നാമും ദൈവത്തെ അറിഞ്ഞ് അവിടുന്ന് നമ്മെ സ്നേഹിച്ച അന്തമില്ലാത്ത സ്നേഹം രുചിച്ചറിഞ്ഞ് ഉണർവ്വുള്ളവരായി ജീവിക്കാം. അതിനു ദൈവാത്മാവ് നമ്മെ സഹായിക്കട്ടെ.

MATRIMONIAL

ഇവാൻജലിക്കൽ സഭാംഗമായ ക്ലിനിക്കിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന യുവതി (BAMS - ആയുർവേദ ഡോക്ടർ, 24,155 cm) ജോലിയുള്ള ഇവാൻജലിക്കൽ, മാർത്തോമ്മ എന്നീ വിഭാഗത്തിൽപ്പെട്ട യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (എറണാകുളം, തൃശൂർ ജില്ലക്കാർക്ക് മുൻഗണന.)

Ph: 9656432362, 9446381650, 0484-2521650

ഇവാൻജലിക്കൽ സഭാംഗമായ യുവാവ് M.Com, Accountant ആയി ഷാർജയിൽ ജോലി ചെയ്യുന്നു. (27/166 cm) രക്ഷിക്കപ്പെട്ട അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഇവാൻജലിക്കൽ, സി.എസ്.ഐ, മാർത്തോമ്മ യുവതികൾക്ക് മുൻഗണന.

Ph:9656030345, 9526457205

ഇവാൻജലിക്കൽ സഭാംഗമായ BSc രജിസ്റ്റേർഡ് നേഴ്സ് ആയി ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്ന (26/168 cm) യുവതിക്ക് ഇവാൻജലിക്കൽ സഭാംഗങ്ങളായ യുവാക്കന്മാരുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. മെഡിക്കൽ ഫീൽഡിൽ ജോലി ഉള്ളവർക്ക് മുൻഗണന. മറ്റ് പ്രൊഫഷനുകളിലുള്ളവരെയും പരിഗണിക്കുന്നതാണ്.

Ph:9488520795, 9487129925

“ "As we meditate on Christ's life, we find strength for our own." ~ Max Lucado“

പരാജയങ്ങളുടെ ചവിട്ടുപടികളിലൂടെ

നിസ്സി മാത്യു, പാലാക്കുന്ന്

ജീവിതത്തിന്റെ ഓരോ താളുകളും സ്വർണ്ണ ലിപികളാൽ എഴുതപ്പെടുവാൻ തക്കതായ സുവർണ്ണകാലങ്ങൾ ആയിരിക്കേണം, അതിനു വേണ്ടി എത്രയും പരിശ്രമിക്കാനാകുമോ അത്രയും കഠിനാധ്വാനം ചെയ്യുന്ന ലോകത്തിൽ നാം ആയിരിക്കുമ്പോൾ, ജീവിതത്തിൽ പരാജയത്തിന്റെ ചവിട്ടുപടികളിലൂടെ കടന്നുപോകുക എന്നു പറയുന്നത് തികച്ചും യഥോചിതമായ ഒരു ചിന്തയായി കരുതുവാൻ സാദ്ധ്യമല്ല. എന്തെന്നാൽ, പരാജയങ്ങൾക്കു സ്ഥാനമില്ലാത്ത ജീവിതത്തിനുവേണ്ടിയാണു ഓരോ മനുഷ്യനും ആഗ്രഹിക്കുന്നതും പ്രവർത്തിക്കുന്നതും. ആയതിനാൽ തന്നെ ചെറിയ പരാജയങ്ങൾപോലും നേരിടേണ്ടിവന്നാൽ ജീവിതത്തിന്റെ അന്ത്യം കുറിക്കുവാൻ പലരും മടിക്കുകയില്ല. സക്സസ് സിൻഡ്രം ബാധിച്ചവരായിട്ടാണു അനേകരും ജീവിതം നയിക്കുന്നത്. അതുകൊണ്ടുതന്നെ പരാജയങ്ങൾക്കായി അഭ്യസിക്കപ്പെടുവാനോ പരാജയങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളുവാനോ ബഹുഭൂരിപക്ഷം വ്യക്തികൾക്കും സാധിക്കുന്നില്ല.

ഡാളസ് സർവ്വകലാശാലയിലെ അധ്യാപകനായിരുന്ന ഡോ. Jim Auman ഒരിക്കൽ ഇപ്രകാരം പ്രസ്താവിച്ചു: "തികച്ചും അധഃപതിച്ച ഒരു ലോകത്തിൽ നാം ജീവിക്കുന്ന അവസ്ഥയിൽ, സഭ എന്ന നിലയിൽ നമ്മുടെ ലക്ഷ്യം, 'എങ്ങനെ പരാജയപ്പെടാം' എന്നു വ്യക്തികളെ പഠിപ്പിക്കുക എന്നതായിരിക്കണം." ഇന്നലെകളുടെ പരിമിതികളെയും പരാജയങ്ങളെയും ഉൾക്കൊണ്ട് സംശയാതീതമായി മുന്നോട്ടുപോകുമ്പോഴാണു നാളെയുടെ പുതുനിർമ്മിതി ഒരു ജീവിതയാഥാർത്ഥ്യമായിത്തീരുന്നത്. 'ഇന്നലെകളെയും ഇന്നുകളെയും' അനുദിനം പുതുക്കുന്നവർക്കു മാത്രമേ നല്ല നാളെകൾ ലഭ്യമാകൂ. അല്ലാത്ത പക്ഷം പരാജയങ്ങളിൽ കുരുങ്ങിക്കിടക്കുവാനേ കഴിയൂ. പരാജയം വിജയത്തെക്കാൾ വളരെ സാധാരണമാണ്. എന്നാൽ പരാജയത്തിനായി പരിശീലനം നൽകേണ്ട സമയത്ത് ആളുകൾ വിജയത്തിനായി പരിശീലനം നൽകുന്നു. ജീവിതം പരാജയത്തിന്റെ ചവിട്ടുപടികളിൽ കൂടി വിജയത്തിലേക്കു നയിക്കപ്പെടുന്നുവോ എന്നതാണ് പ്രാധാന്യമർഹിക്കുന്ന വസ്തുത. ഈ യാഥാർത്ഥ്യം വിളിച്ചോതുന്ന അനുഭവങ്ങളാണു ഇന്നയോളം ചരിത്രത്തിൽ ഇടം പിടിച്ചിട്ടുള്ളത് എന്നതിൽ തർക്കമില്ല.

തിരുവെഴുത്തുകളിലെ നായകന്മാരിൽ പലർക്കും അവരുടെ ജീവിതം രേഖപ്പെടുത്തുമ്പോൾ പരാജയത്തിന്റെ ചില കറുത്ത അടയാളങ്ങൾ ഉണ്ടായിരുന്നു. അബ്രഹാമിന്റെ ജീവിതത്തിൽ നുണ പറയുന്ന അനുഭവങ്ങൾ ഉണ്ടായിരുന്നു. യാക്കോബ് ഒരു വഞ്ചകനായിരുന്നു. മോശെയെ സംബന്ധിച്ച് അവൻ ഒരു കൊലപാതകിയായിരുന്നു. പത്രോസ് യേശുവിനെ പലവട്ടം തള്ളിപ്പറഞ്ഞവനാണ്. ദാവീദ് ഒരു കൊലപാതകനും വ്യഭിചാരിയും ആയിരുന്നു. പൗലോസ് ആണെങ്കിലോ ക്രിസ്ത്യാനികളെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കുവാനായി ബദ്ധപ്പെട്ടവനാണ്.

എന്നാൽ മേൽപ്പറഞ്ഞവരുടെയെല്ലാം ജീവിതം പഠിച്ചാൽ ഒരു കാര്യം വ്യക്തമാണ്; പരാജയങ്ങൾക്കു ജീവിതത്തിന്റെ കർതൃത്വം വിട്ടു നൽകുവാൻ തയ്യാറാകാതെ വിജയത്തിന്റെ പാഠങ്ങൾ പഠിക്കുവാൻ അവർ തയ്യാറായി. സോയിച്ചിറോ-ഹോണ്ടാ- ജപ്പാനിലെ ഒരു ഇരുമ്പുപണിക്കാരന്റെ മൂത്തമകനായിരുന്നു. പരിമിതമായ വരുമാനം ഉള്ള കുടുംബം. അതുകൊണ്ടുതന്നെ പ്രാഥമിക വിദ്യാഭ്യാസം മാത്രം ലഭിച്ച ഹോണ്ടാ, കൗമാരത്തിലെത്തിയപ്പോൾ തന്നെ വീടുവിട്ട് ടോക്കിയോയിൽ ജോലി തേടിപ്പോയി. ഒരു വർക്ക്ഷോപ്പ് ഉടമയുടെ കുട്ടിയെനോക്കാനുള്ള ജോലിയാണ് ഹോണ്ടായ്ക്കു ലഭിച്ചത്. അവൻ ആ ജോലി സ്വീകരിച്ചു. തന്മൂലം മോട്ടോർ വാഹനങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ അവനു അവസരം കിട്ടി. പിന്നീട് 'ടൊയോട്ടാ' യിൽ ജോലിക്കു അപേക്ഷിച്ചെങ്കിലും അവൻ പരാജയപ്പെട്ടു. കുറെക്കാലം ജോലിയില്ലാതെ അലഞ്ഞു. സൈക്കിളിൽ മോട്ടോർ ഘടിപ്പിച്ച് സ്വയം സ്കൂട്ടർ ഉണ്ടാക്കുവാൻ പഠിച്ചു. അങ്ങനെ പിരിമിതമായ തോതിൽ ആരംഭിച്ച സംരംഭം വലിയ വ്യവസായമായി തീർന്നു. ഹോണ്ടായുടെ പല ബ്രാന്റുകൾ പ്രചാരത്തിലായി. അതിനുശേഷം അദ്ദേഹം മോട്ടോർ

കാർ വ്യവസായത്തിലേക്ക് തിരിഞ്ഞു. ദൃഢനിശ്ചയത്തോടെ അദ്ദേഹം മുന്നേറി. ഇന്ന് മോട്ടോർ വ്യവസായ രംഗത്ത് വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞതിന്റെ രഹസ്യം അദ്ദേഹം വെളിപ്പെടുത്തുന്നതിപ്രകാരമാണ്: ''പരാജയങ്ങൾക്കു കീഴ്പ്പെടാതെ, മുന്നേറാനുള്ള പ്രചോദനം അവയിൽ നിന്നും ഉൾക്കൊള്ളണം. തൊണ്ണൂറ്റൊൻപത് ശതമാനം പരാജയം എന്നു തോന്നുന്നതിൽ നിന്നാണ് ഒരു ശതമാനം വിജയം രൂപം പ്രാപിക്കുന്നത്.

പരാജയങ്ങളിലും പതർച്ചകളിലും നിശബ്ദരാകുവാനോ നിഷ്ക്രിയരാകുവാനോ ഉള്ള പ്രലോഭനത്തെ അതിജീവിച്ച് സുനിശ്ചിതമായ കാൽ വയ്പ്പിലൂടെ വിജയത്തിലേക്കു നടന്നുകയറുവാനാണു നാം ഓരോരുത്തരും ശ്രമിക്കേണ്ടത്. സുഖ ദുഃഖ സമ്മിശ്രമാണു ഈ ജീവിതം എന്നു വ്യക്തമായി മനസ്സിലാക്കി മുമ്പോട്ടു പോകാത്ത മനുഷ്യൻ സുഖങ്ങളുടെയും വിജയത്തിന്റെയും മുമ്പിൽ അത്യാഹ്ലാദിക്കുകയും ദുഃഖമോ പരാജയമോ ഉണ്ടാകുമ്പോൾ തകർന്നു പോകുകയും ചെയ്യും. വിശുദ്ധ വേദപുസ്തകം ആദിയോടന്തം പരിശോധിക്കുമ്പോഴും ഇതുതന്നെയാണ് കാണുന്നത്.

പത്രോസിന്റെ ജീവിതത്തെക്കുറിച്ച് ഒന്നു പരിശോധിച്ചാൽ ധാരാളം പരാജയത്തിന്റെ അനുഭവങ്ങൾ കണ്ടെത്താനാകും: വിശ്വാസത്തോടെ കടലിന്മേൽ നടക്കുവാൻ ആരംഭിച്ച പത്രോസിന് അത് പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. തെറ്റായ വിധത്തിൽ യേശുവിനെ പത്രോസ് ശാസിക്കുവാനിടയുണ്ട്. പ്രാർത്ഥനയ്ക്കായി ഉണർന്നിരിക്കുവാനാവാത്ത അനുഭവം നേരിട്ട പത്രോസ് യേശുവിനെ പലവട്ടം തള്ളിപ്പറഞ്ഞവനാണ്. ഒടുവിൽ തന്റെ ശുശ്രൂഷ ഉപേക്ഷിച്ച് മീൻ പിടിക്കാൻ പോയ കൂട്ടത്തിലും പത്രോസിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. എന്നാൽ പരാജയങ്ങളൊന്നും പത്രോസിന്റെ അവസാന അനുഭവങ്ങൾ ആയിരുന്നില്ല. എന്തെന്നാൽ പരാജയങ്ങളിൽ നിന്നും ചില കാര്യങ്ങൾ അവൻ പഠിച്ചെടുത്തു. തന്റെ ജീവിതത്തിലെ ബലഹീനതകളെ വിജയകരമായി പത്രോസ് നേരിട്ടു. ജീവിതത്തെ മുഴുവൻ തകർത്തെറിയുന്ന അനുഭവങ്ങളെ അതിജീവിച്ച് വിജയം കൊയ്യുക എന്നതാണ് നമുക്കോരോരുത്തർക്കും ഉള്ള വെല്ലുവിളി. പരാജയത്തെ ഉറച്ച തീരുമാനത്തോടും ദൃഢനിശ്ചയത്തോടും വിജയമാക്കിയെടുക്കുവാൻ നമുക്ക് കഴിയുമോ? പരാജയം ഒരിക്കലും ജീവിതാന്ത്യമല്ല. അനുഭവങ്ങളിൽ നിന്നും പാഠം ഉൾക്കൊള്ളുന്നവരാണ് യഥാർത്ഥത്തിൽ വിജയിക്കുന്നത്. അനുഭവങ്ങളാണ് ഏറ്റവും നല്ല ഗുരുനാഥൻ.

പരാജയങ്ങളിലും പതർച്ചകളിലും നിശബ്ദരാകുവാനോ നിഷ്ക്രിയരാകുവാനോ ഉള്ള പ്രലോഭനത്തെ അതിജീവിച്ച് സുനിശ്ചിതമായ കാൽ വയ്പ്പിലൂടെ വിജയത്തിലേക്കു നടന്നുകയറുവാനാണു നാം ഓരോരുത്തരും ശ്രമിക്കേണ്ടത്.

സ്വന്തം ജീവിതത്തിൽ സംഭവിക്കുന്ന അബദ്ധങ്ങൾക്ക് ഓരോരുത്തരും നൽകുന്ന പേരാണ് 'അനുഭവം' എന്ന് ഓസ്ക്കാർ വൈൽഡ് ഒരിക്കൽ പറഞ്ഞിട്ടുണ്ട്. ജീവിതത്തിൽ വിജയത്തിന്റെ പടവുകൾ ചവിട്ടിക്കയറിയവർ എല്ലാം തന്നെ പരാജയത്തിന്റെ തിക്താനുഭവങ്ങൾ നേരിട്ടിട്ടുള്ളവരാണ്. പരാജയം വിജയത്തിലേക്കുള്ള ചവിട്ടുപടി എന്നാണല്ലോ നാം പറയുന്നത്. എന്നാൽ പരാജയം നേരിടുമ്പോൾ പലരും ഇതിനെപ്പറ്റി ചിന്തിക്കാറില്ല. പരാജയ കാരണം അന്വേഷിക്കുവാനോ തെറ്റുകൾ തിരുത്തുവാനോ മനസ്സുകാണിക്കാത്തവരാണ് ജീവിതത്തെ പരാജയത്തിൽ തന്നെ കുരുക്കിട്ടു നിർത്തുന്നത്.

അമേരിക്കയുടെ പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കൺ തുടർച്ചയായി പരാജയം ഏറ്റുവാങ്ങിയ ഒരു വ്യക്തിയാണ്. എന്നാൽ നിരന്തര പരിശ്രമത്തിലൂടെ അദ്ദേഹത്തിനു വിജയിക്കാനായി. പരാജയം ഇല്ലെങ്കിൽ ജീവിത വിജയത്തിനു അർത്ഥമില്ല എന്നു വേണമെങ്കിൽ പറയാം. പരാജയങ്ങളെ ധൈര്യപൂർവ്വം നേരിട്ട് വിജയത്തിനായി ക്ഷമയോടെ ചുവടുവയ്ക്കുമെങ്കിൽ അതു സാദ്ധ്യമായിത്തീരും. പരാജയങ്ങളിൽ നിന്നു വിജയത്തിനായുള്ള സമവാക്യങ്ങൾ ഉരുത്തിരിക്കുവാൻ സാധിക്കുമെങ്കിൽ ജീവിതം ധന്യമാകും. അത് ഒരൊറ്റ രാത്രികൊണ്ടു സാദ്ധ്യമാകുന്ന കാര്യമല്ല. പ്രത്യുത, അനേക നാളുകളിലെ അനുഭവങ്ങൾക്കൊണ്ടേ സാദ്ധ്യമാകൂ. വളർച്ചയ്ക്ക് എപ്പോഴും സമയം അനിവാര്യമാണ്. പരാജയങ്ങൾ മികച്ച ജീവിത വിജയത്തിലേക്കുള്ള ചവിട്ടുപടികളായിരിക്കണം, അല്ലാതെ തിരിച്ചടികളാകരുത്. പരാജയങ്ങളിലും തെറ്റുകളിലും തളരുകയോ പതറിപ്പോവുകയോ ചെയ്യാതെ ശുഭ പ്രതീക്ഷയോടും വിശ്വാസത്തോടും മുന്നേറാം. പ്രതിസന്ധികൾ നമ്മെ വളർത്തട്ടെ. പരാജയങ്ങൾ ചവിട്ടുപടികളാകട്ടെ. പരാജയങ്ങളുടെ കല്ലുകളിൽ തട്ടി ജീവിതം വിജയത്തിലേക്ക് അനുസ്യൂതം ഒഴുകട്ടെ.

ജൂബിലി മെമ്മോറിയൽ ബൈബിൾ കോളേജ് ചെന്നൈ

റവ. ഡോ. പ്രകാശ് ഏബ്രഹാം മാത്യു, പ്രിൻസിപ്പൽ

ഭാരത സുവിശേഷീകരണത്തിനായി വിളിക്കപ്പെട്ട നമ്മുടെ സഭ 60 വർഷം പിന്നിട്ടിരിക്കുകയാണ്. 130 കോടിയിലധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ രാജ്യത്ത് ധാരാളം സുവിശേഷ മുന്നേറ്റങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ നമ്മുടെ കൊച്ചു സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഭാരതത്തിലെ 9 ഓളം ഭാഷകളിൽ നമുക്ക് പ്രവർത്തനങ്ങൾ ഉണ്ട്. എന്നാൽ നമ്മുടെ മുമ്പിലുള്ള ദൗത്യത്തിന്റെ വ്യാപ്തി നോക്കുമ്പോൾ നാം ഇനിയും ഏറെ മുന്നേറേണ്ടത് ആവശ്യമാണ്. സാമ്പത്തിക വെല്ലുവിളികൾ നേരിടുന്നുവെങ്കിലും കർത്താവിന്റെ വേലയെ സഹായിക്കുവാൻ ദൈവമക്കൾ സഭയോടു കൂടെയുണ്ട്. എന്നാൽ പ്രവർത്തകരുടെ ദൗർലഭ്യം നാം ഇപ്പോൾ നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്. അതുകൊണ്ട് സുവിശേഷ വേലയ്ക്കായി ചെറുപ്പക്കാർ മുന്നോട്ടു വന്നെങ്കിൽ മാത്രമേ ഇപ്പോഴുള്ള പ്രവർത്തനങ്ങൾ തുടരുവാനും കൂടുതൽ മേഖലകളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും നമ്മുടെ സഭയ്ക്ക് കഴിയുകയുള്ളൂ. നമ്മുടെ മുമ്പിലുള്ള കൊയ്ത്ത് പൂർത്തിയാക്കേണ്ടതിന് പ്രവർത്തകരെ ലഭിക്കുവാൻ നാഥനായ കർത്താവിനോട് നമുക്ക് യാചിക്കാം. ജെ.എം.ബി.സി യിൽ അടുത്ത അധ്യയന വർഷത്തെ ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. നമുക്ക് പുതിയ വിദ്യാർത്ഥികളെ ലഭിക്കേണ്ടതിനും അവർക്ക് ശരിയായ നിലയിൽ പരിശീലനം നൽകേണ്ടതിനും ദൈവമക്കൾ പ്രാർത്ഥിച്ചാട്ടെ. സുവിശേഷ വേലയ്ക്കായി ദൈവവിളി ലഭിച്ചവരെ പ്രോത്സാഹിപ്പിച്ച് അയച്ചാട്ടെ.

ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ ജെ.എം.ബി.സിയിലെ വിദ്യാർത്ഥികളെ സജ്ജരാക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെ അവരുടെ സമ്രഗമായ ഉന്നമനമാണ് ജെ.എം.ബി.സി ലക്ഷ്യമിടുന്നത്. കൃത്യമായ വളർച്ച ലക്ഷ്യമാക്കി വിദ്യാർത്ഥികളെ ചെറിയ ഗ്രൂപ്പുകളാക്കി തിരിച്ച് ഒരു അധ്യാപകന്റെ കീഴിൽ മാർഗ്ഗ നിർദ്ദേശം നൽകി വരുന്നു. കൊറോണ ഉയർത്തിയ വെല്ലുവിളി നിറഞ്ഞ നാളുകൾ ഒരു വർഷം പിന്നിടുകയാണ്. തിരിഞ്ഞു നോക്കുമ്പോൾ ദൈവത്തെ സ്തുതിക്കുവാൻ ധാരാളം കാരണങ്ങളുണ്ട്. സാമ്പത്തിക കാര്യങ്ങളിൽ കർത്താവ് ജെ.എം.ബി.സിക്ക് ഒരു കുറവും വരുത്തിയില്ല. രോഗവിടുതലിന്റെ ധാരാളം അനുഭവങ്ങൾ പറയുവാനുണ്ട്. സാമ്പത്തിക ഞെരുക്കങ്ങളെ വകവയ്ക്കാതെ കൈത്താങ്ങൽ നൽകിയവർക്കും പ്രാർത്ഥിച്ചവർക്കും നന്ദി. 'അവനിൽ വിശ്വസിക്കുന്നവൻ ഒരുനാളും ലജ്ജിച്ചു പോകയില്ല" എന്ന വചനത്തിൽ ആശ്രയിച്ച് അനിശ്ചിതത്വം നിറഞ്ഞ ഈ സാഹചര്യത്തിലും നമുക്ക് ഒരുമിച്ച് ധീരമായി മുന്നേറാം.

വരിസംഖ്യ

വരിസംഖ്യ കുടിശ്ശിക അടയ്ക്കേണ്ടവരോടും 2021 വർഷത്തെ പുതുക്കേണ്ടവരോടും വീണ്ടും അഭ്യർത്ഥിക്കുന്നു. വരിസംഖ്യ ഞങ്ങൾ കലണ്ടർ വർഷം പിൻതുടരുന്നു. മൊബൈൽ മുഖേനയോ ബാങ്ക് വഴിയോ പണം അയയ്ക്കുന്നവർ വരിക്കാരുടെ പേരും subscription നമ്പറും രേഖപ്പെടുത്തേണ്ടതാണ്. subscription നമ്പർ റാപ്പറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വരിസംഖ്യ മാർച്ച് 31 നകം അടച്ചുതീർക്കണമെന്നപേക്ഷിക്കുന്നു.

മാനേജർ

സഭയുടെ ബോർഡ് പ്രവർത്തനങ്ങളിലൂടെ...



സ്ത്രീജനപ്രവർത്തന ബോർഡ്

മിസ്സിസ്. സൂസൻ കുരുവിള, സെക്രട്ടറി

പ്രതികൂലങ്ങളുടെ മദ്ധ്യേ സഭയുടെ വജ്രജൂബിലി വർഷമായ 2021 ലെ കൺവൻഷൻ വളരെ അനുഗ്രഹകരമായി നടത്തുവാൻ സർവ്വശക്തനായ ദൈവം സഹായിച്ചു. വിദൂരതയിലുള്ള നമ്മുടെ പ്രിയപ്പെട്ടവർക്കും അതിൽ പങ്കെടുക്കുവാൻ സാധിച്ചതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ദൈവവചനം കേട്ടാൽ മാത്രം പോരാ അത് അനുസരിക്കുന്നവരും പ്രവർത്തനത്തിൽ കൊണ്ടു വരുന്നവരും ആയിത്തീരണമെന്ന് ദൈവദാസന്മാരിൽ കൂടി കേൾക്കുവാൻ സാധിച്ചു.

ഇന്ന് മനുഷ്യൻ പലതരം മൂടുപടങ്ങൾക്കുള്ളിലാണ്. വചനത്തിലും കർത്താവിലുമുള്ള അവിശ്വാസം ആത്മീയതയായി കണക്കാക്കുന്നതും ഒരുതരം മൂടുപടമാണ്. സങ്കീ. 1:3,4 വാക്യങ്ങളിൽ പറയുന്നു "യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. അവൻ ആറ്റരികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും. സസ്യങ്ങളുടെ വളർച്ചയ്ക്ക് വെള്ളം എത്രമാത്രം ആവശ്യമാണോ അത്രമാത്രം നമ്മുടെ ആത്മീയ വളർച്ചയ്ക്ക് വചനകേൾവിയും വായനയും ധ്യാനവും ആവശ്യമാണ്.

2021 മാർച്ച് 3, 4 തീയതികളിൽ സേവിനിമാരുടെ പ്രവർത്തക സമ്മേളനം zoom ൽ കൂടി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സേവിനിമാരുടെ എല്ലാ പ്രവർത്തനങ്ങളും അനുഗ്രഹമായിത്തീരുവാൻ എല്ലാവരും പ്രാർത്ഥിക്കണമേ. സേവിനിമാരുടെ പ്രവർത്തനങ്ങളിലൂടെ അനേകരെ നിത്യജീവങ്കലേക്ക് നയിക്കുവാൻ ഇടയാകട്ടെ.

സൗജന്യദാനപിരിവിൽ സേവിനിസമാജം അംഗങ്ങൾ എല്ലാവരും സഹകരിക്കണമേ.

യുവജനപ്രവർത്തന ബോർഡ്

ഇവാ. അനീഷ് തോമസ് ജോൺ,
യൂത്ത് മിനിസ്ട്രി കോ-ഓർഡിനേറ്റർ

കഴിഞ്ഞ നാളുകളിൽ നമ്മെ അത്ഭുതകരമായി നടത്തിയ ദൈവത്തിനു സർവ്വ മഹത്വവും കരേറ്റുന്നു. പ്രതിസന്ധികളുടെ നടുവിലും പ്രത്യാശയോടെ പ്രവർത്തിക്കുവാൻ നമ്മെ സഹായിക്കുന്ന ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യുന്നു.

ജനുവരി 29 ന് കൺവൻഷനോടനുബന്ധിച്ച് നടന്ന യുവജനപ്രവർത്തന ബോർഡിന്റെ മിഷനറിയോഗത്തിൽ ബോർഡ് പ്രസിഡണ്ട് ബിഷപ്പ് റൈറ്റ് റവ. ഡോ. ഏബ്രഹാം ചാക്കോ അദ്ധ്യക്ഷത വഹിച്ചു. ബോർഡ് വൈസ് പ്രസിഡന്റ് റവ. സാം മാത്യു മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി, ബോർഡ് സെക്രട്ടറി റവ. അനിഷ് മാത്യു ബോർഡിന്റെ സംക്ഷിപ്ത റിപ്പോർട്ട് അവതരിപ്പിച്ചു. കൂടാതെ, ബോർഡായി, സഭയിലെ യുവജനങ്ങളുടെ ആത്മീയ അഭിവൃദ്ധി ലക്ഷ്യമാക്കി പ്രസിദ്ധീകരിച്ചു വരുന്ന യുവദർശനം പഠനസഹായിയുടെ പ്രകാശനം ആയോഗത്തിൽ സഭയുടെ പ്രിസൈഡിംഗ് ബിഷപ്പ് മോസ്റ്റ്. റവ. ഡോ. തോമസ് ഏബ്രഹാം നിർവ്വഹിക്കുകയും ആയതിന്റെ ആദ്യ പ്രതി ബോർഡ് മെമ്പർ മി. ജെറി സജി മാത്യു ഏറ്റുവാങ്ങുകയും ചെയ്തു. എല്ലാ ഇടവകകൾക്കും പട്ടക്കാർക്കും സുവിശേഷകർക്കും സേവിനിമാർക്കും ഓരോ കോപ്പി വീതം ലഭിക്കത്തക്കവിധം ക്രമീകരണം ചെയ്തിരിക്കുന്നു. ഈ പാഠ്യപുസ്തകം കൊണ്ടുള്ള ബോർഡിന്റെ ഉദ്ദേശ്യം സാധ്യമാക്കുന്നതിന് ഏവരും മുൻകൈ എടുക്കുകയും ഹൃദ്യമായ സഹകരണം ഉണ്ടാകുകയും വേണം എന്നു അഭ്യർത്ഥിക്കുന്നു.

ബോർഡിന്റെ മറ്റൊരു പ്രസിദ്ധീകരണമായ യുവദർശനം e-magazine ഈ മാസം ഓൺലൈൻ മാധ്യമങ്ങളിൽ കൂടി 2-ാം പതിപ്പ് പ്രസിദ്ധീകരിക്കുന്നു. ക്രിസ്തീയ മൂല്യങ്ങൾ മുറുകെ പിടിച്ചു ജീവിതയാത്രയിൽ മുന്നേറുവാൻ

നമ്മെ സഹായിക്കുന്ന കവിതകൾ, ലേഖനങ്ങൾ, ചിത്രരചനകൾ, അറിയിപ്പുകൾ, സംക്ഷിപ്ത റിപ്പോർട്ടുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. e-magazine ന്റെ തുടർന്നുള്ള പതിപ്പുകളിലേക്ക് മലയാളത്തിലും ഇംഗ്ലീഷിലും സൃഷ്ടികൾ ക്ഷണിക്കുന്നു. താത്പര്യമുള്ളവർ ബോർഡുമായി ബന്ധപ്പെടുക. ബോർഡിന്റെ പുതിയ Whatsapp No. 8129711961.

കൂടാതെ ഫെബ്രുവരി 27 നു വൈകിട്ട് 7 മണിക്ക് ഓൺലൈൻ zoom platform ൽ കൂടി സഭയിലെ യുവജനങ്ങൾക്കു campus crusade ന്റെ നേതൃത്വത്തിൽ ഒരു digital traininng session നടത്തുവാൻ ദൈവം സഹായിച്ചു. കടന്നു വന്ന ഏവർക്കും ക്ലാസുകൾ അനുഗ്രഹ പ്രദമായിരുന്നു എന്നോർത്ത് ദൈവത്തെ സ്തുതിക്കുന്നു. online മാധ്യമങ്ങളിൽ, ദൈവ നാമം നമ്മിലൂടെ മഹത്വപ്പെടേണ്ടതിന് സഭയിലെ യുവജങ്ങളായ നാം ഓരോരുത്തരും നമ്മെ ദൈവകരങ്ങളിൽ സമർപ്പിക്കാം. ഈ പുതിയ സാഹചര്യത്തിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ മുടക്കം കൂടാതെ തുടർന്നും നടക്കേണ്ടതിനു ഏവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ഡിപ്പാർട്ടുമെന്റ് ഓഫ് മ്യൂസിക് & കമ്മ്യൂണിക്കേഷൻസ്

റവ. സിബി പി.ജെ
അസിസ്റ്റന്റ് ഡയറക്ടർ

സഭയുടെ ഡയമണ്ട് ജൂബിലി കൺവൻഷനിൽ അനുഗ്രഹിക്കപ്പെട്ട ഗാനശുശ്രൂഷ നിർവ്വഹിക്കുവാൻ സാധിച്ചതിൽ ദൈവത്തിന് നന്ദി അർപ്പിക്കുന്നു. പുതിയ ഗാനങ്ങൾ രചിച്ചവരേയും സംഗീതം നൽകിയവരെയും orchestration നൽകിയവരേയും കയറിനെയും പാട്ടുപെട്ടി സ്റ്റുഡിയോ, മിക്സിംഗ് ചെയ്തവർ അങ്ങനെ വിവിധ തരത്തിൽ DMC യുടെ പ്രവർത്തനങ്ങളിൽ പങ്കാളികളായ ഏവരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും നന്ദി അർപ്പിക്കുകയും ചെയ്യുന്നു. ഈ വർഷവും കയർ മാസ്റ്റർ ആയി പ്രവർത്തിച്ച മി. ജോസി പുല്ലാടിനോടുള്ള നന്ദിയും അറിയിച്ചുകൊള്ളുന്നു.

കൺവൻഷൻ ഗീതങ്ങൾ, CD, pendrive, minus track എന്നിവ ലഭിക്കുന്നതിന് DMC യുമായി ബന്ധപ്പെടുക. 2021 ൽ പുറത്തിറക്കിയ പുതിയ ഗാനങ്ങൾ പഠിക്കുകയും ആരാധനയിലും ഭവന കൂട്ടായ്മയിലും ആലപിക്കുന്നതിനായി ഏവരും ഉത്സാഹിക്കണമേ. 2022 വർഷത്തിലെ കൺവൻഷനിലേക്കുള്ള ഗാനങ്ങൾ പ്രാർത്ഥനയോടെ തയ്യാറാക്കുന്നതിന് ഇപ്പോൾ തന്നെ ഉത്സാഹിക്കണമേ.

ഈ കാലങ്ങളിൽ DMC പുറത്തിറക്കിയ കൺവൻഷൻ ഗീതങ്ങൾ, മറ്റ് ക്രിസ്തീയ ഭക്തി ഗാനങ്ങൾ ഇടവകകളായോ ചെറിയ ഗ്രൂപ്പുകളായോ വ്യക്തികളായോ ആലപിച്ച് വീഡിയോ ആയി നിർമ്മിച്ച് dmc@steci.org എന്ന email- id യിലേക്ക് അയച്ച് തന്നാൽ മികച്ചവ DMC യുടെ ഔദ്യോഗിക youtube ലും facebook ലും upload ചെയ്യുന്നതായിരിക്കും. ഏവരെയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ. ഗാനശുശ്രൂഷയിലൂടെ നമുക്ക് ദൈവത്തെ തുടർന്നും ആരാധിക്കാം.

അനുമോദനങ്ങൾ!

ഇന്ഡ്യയിലെ ദൈവശാസ്ത്ര വിദ്യാഭ്യാസരംഗത്തെ പ്രശസ്തമായ പൂനാ യൂണിയൻ ബിബ്ലിക്കൽ സെമിനാരിയുടെ ഗവേണിംഗ് ബോർഡ് അംഗമായി തെരഞ്ഞെടുക്കപ്പെട്ട സഭയുടെ പ്രിസൈഡിംഗ് ബിഷപ്പ് മോസ്റ്റ്. റവ.ഡോ.തോമസ് ഏബ്രഹാം തിരുമേനിക്ക് സഭയുടെയും സുവിശേഷപ്രകാശിനിയുടെയും അനുമോദനങ്ങൾ.

താണിപ്പാടം ഇടവകാംഗവും സഭാ കൗൺസിൽ മെമ്പറുമായ ശ്രീ. റെജി വി മാത്യുവിനെ YMCA കേരള റീജിയന്റെ (South West Region) സ്പോർട്സ് & ഗെയിംസ് ചെയർമാനായി തെരഞ്ഞെടുത്തു. നിലവിൽ നാഷണൽ YMCA യുടെ Environment and Sustainable Energy Committee യുടെ വൈസ്പ്രസിഡന്റ് ആണ്. തൃശൂർ-പാലക്കാട് സെന്റർ സെക്രട്ടറി കൂടിയായ അദ്ദേഹത്തിന് സുവിശേഷപ്രകാശിനിയുടെ അനുമോദനങ്ങൾ.

DIAMOND JUBILEE PROJECTS AND PROGRAMMES

1. Bishop House, Thiruvananthapuram
2. Prakashapuram – Diamond Jubilee Building
   (Bishop P. John Varghese Memmorial Building)
3. Diamond Jubilee Old Age Home – Thiruvalla and Murinjakal
4. Diamond Jubilee Housing Projects
5. Diamond Jubilee Pension Fund (Widows and Orphans)
6. Diamond Jubilee Palliative Centre
7. Diamond Jubilee Education Fund
8. Diamond Jubilee Workers Aid Fund
9. Diamond Jubilee Marriage Aid Fund
10. Diamond Jubilee Calamity Relief Fund
11. Laymen Ministry Training Department
12. Counseling Department
13. Jubilee Gate, Office Complex 2nd Phase
14. Shalom Bhavan Dedication
15. Church Directory
16. 60 Mission Fields
17. 60 New Workers, 60 Anointed Preachers, 60 Minutes Prayer (Daily 10 pm – 11 pm)
18. 60 Prayer Warriors
19. 6000 New Believers (Each One Reach One)
20. 60 New Sponsors
21. Family, Senior Citizen Sunday
22. Edavaka Shaktheekaranam (Parish Empowering) Meeting
23. Kudumba Shaktheekaranam (Family Empowering)
24. Revival Meetings / Bible Study
25. Suvisesha Prakasini Circulation Reach 5000(Subscription Campaign)

ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി സമർപ്പിക്കുന്നു.

കർത്തൃശുശ്രൂഷയിൽ

റവ. ഏബ്രഹാം ജോർജ്ജ്
സഭാ സെക്രട്ടറി

പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചു കൊൾക. അവൻ നിന്റെ പാതകളെ നേരെയാക്കും. (സദൃ. 3:5,6)

അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക്

അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക്, അനിത്യതയിൽ നിന്ന് നിത്യതയിലേക്ക്. അസത്യത്തിൽ നിന്ന് സത്യത്തിലേക്ക് അധർമ്മത്തിൽ നിന്ന് ധർമ്മത്തിലേക്ക് തിന്മയിൽ നിന്ന് നന്മയിലേക്ക് ഉള്ള ഒരു പ്രയാണമാണ് മനുഷ്യ ജീവിതം. അന്ധകാരാവൃതമായ ഒരു അന്തരീക്ഷമാണ് ലോകത്തിൽ നാം കാണുന്നത്. 'വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്ക മക്കളും ആകേണ്ടതിന് എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ. അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചു കൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു"(ഫിലി. 2:14). ദൈവജനത്തെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നത് ഇതാണ്. ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു എന്നാണ് ഫിലിപ്യയിലുള്ള ദൈവജനത്തെക്കുറിച്ച് പൗലോസ് പറയുന്നത്. വക്രതയും കോട്ടവുമുള്ള അന്ധകാരത്തിന്റെ അവസ്ഥയിലാണ് ലോകം. അന്ധകാരത്തിൽ ഒരു മിന്നാമിനുങ്ങിനെപ്പോലെ ജീവിക്കുവാനാണ് ദൈവവും മനുഷ്യനും ആഗ്രഹിക്കുന്നത്. എന്നാൽ 'ഇച്ഛിക്കുന്ന നന്മയല്ല ഇച്ഛിക്കാത്ത തിന്മയാണ്' നമ്മിൽ നിന്ന് പുറത്തുവരുന്നത്. ഈ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കുള്ള വഴി ഞെരുക്കവുമുള്ളതാണ്. കല്ലും മുള്ളും, കുണ്ടും കുഴിയും നിറഞ്ഞ ഒരു അപകടപാതയാണ്. ഈ പാതകളെ നേരെയാക്കും എന്നുള്ളത് ദൈവകല്പനയാണ്.

ലൗകികസുഖങ്ങൾക്ക് കൂടുതൽ വിലകല്പിക്കുന്നവർ, താത്കാല ഭോഗങ്ങളിൽ ആകൃഷ്ടരായി അതിൽ ആമഗ്നരായി ജീവിക്കുന്നു. ഭൗതിക സുഖ സമ്പാദനത്തിനായി അനേകം കുറുക്കുവഴികൾ മനുഷ്യർ ഉപയോഗിക്കുന്നു. ഇത് തിന്മയുടെ കുറുക്കുവഴികളാണ്. മോശെ 'പാപത്തിന്റെ താത്കാലിക ഭോഗത്തെക്കാളും ദൈവജനത്തോടുകൂടെ കഷ്ടമനുഭവിക്കുന്നത് തെരഞ്ഞെടുത്തു. താത്കാലിക ഭോഗങ്ങൾക്കുവേണ്ടി ചെയ്യാൻ പാടില്ലാത്തത് പലതും മനുഷ്യൻ ചെയ്യുന്നു. ചെയ്യേണ്ട പല കാര്യങ്ങളും ചെയ്യാതെയിരിക്കുന്നു. ഇതാണ് പാപം. ഇതാണ് അന്ധകാരത്തിന്റെ അവസ്ഥ. ഗുണകരമായ ഒരു ഭാവിക്കുവേണ്ടി താത്കാലിക സുഖം വെടിയാൻ മനുഷ്യർ തയ്യാറാകണമെന്ന് ഒരു ഭക്തൻ പറഞ്ഞിട്ടുണ്ട്. മൂലഭാഷയിൽ 'ഹാമാട്ടിയ' എന്ന പദമാണ് പാപം (sin) ആ വാക്കിന്റെ അർത്ഥം ലക്ഷ്യം തെറ്റുക എന്നാണ്. ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുന്നതാണ് പാപം.

പ്രകാശം എന്ന ലക്ഷ്യം കണ്ടുകൊണ്ട് ആ ലക്ഷ്യത്തിലേക്ക് ഓടുന്നവരാണോ നാം എന്ന് ചിന്തിക്കേണ്ടതാണ്. എണ്ണപ്പെട്ട പാപം ചെയ്യുന്നവരല്ലായിരിക്കും നമ്മിൽ പലരും. എന്നാൽ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ വീഴ്ചകൾ വരുന്നതും പിന്മാറ്റം വരുന്നതും തിന്മയാണ്, പാപമാണ്. ഇക്കാലത്ത് നാം അഭിമുഖീകരിക്കുന്ന ഒരു വലിയ തിന്മയാണ് ലക്ഷ്യബോധമില്ലായ്മ. നമ്മുടെ യുവജനങ്ങളോട് ചോദിക്കുക 'ഓ ചുമ്മാ' - ലക്ഷ്യമില്ലാത്ത ജീവിതം. ഒരു ലക്ഷ്യം കണ്ടുകൊണ്ട് ആ ലക്ഷ്യത്തിലേക്കുള്ള പ്രയാണം ആരംഭിച്ചെങ്കിൽ മാത്രമേ വിജയം കൈവരിക്കാനാകൂ. ജീവിതത്തിൽ അനേകരും പരാജയപ്പെടുന്നതിന്റെ കാരണം ലക്ഷ്യബോധമില്ലായ്മയാണ്. ജനിച്ചതുകൊണ്ട് ജീവിക്കുന്നു എന്നുമാത്രം.

അനിത്യതയിൽ നിന്ന് നിത്യതയിലേക്കുള്ള പ്രയാണം വളരെ ശ്രമകരമാണ്. തിന്മയിൽ നിന്ന് നന്മയിലേക്കുള്ള ദൂരം വളരെക്കുറച്ചുമാത്രം. എന്നാൽ ആ ദൂരം വളരെ ബുദ്ധിമുട്ടുണ്ടാക്കും. പലതും ഉപേക്ഷിക്കേണ്ടി വരും. പ്രയാസകരമായ പലതും സ്വീകരിക്കേണ്ടതായും വരും. സുഖഭോഗങ്ങൾ പലതും ഉപേക്ഷിക്കണം. സ്വീകരിക്കുവാൻ പ്രയാസമായ പലതും സ്വീകരിക്കേണ്ടതായി വരും. ദുർഘട പൂരിതമായ ഒരു യാത്രയാണ്. മാത്രമല്ല പല വഴിത്തിരിവുകളും ഈ യാത്രയിലുടനീളം

കാണാം. പല വഴികളും യാഥാർത്ഥ്യത്തിലേക്ക് വഴിനടത്തുന്നവയാണെന്നു തോന്നാം. വഴി ഒരു പോലെയായിരിക്കും. അവയൊന്നും നമ്മെ ലക്ഷ്യത്തിലെത്തിക്കുന്നില്ല. ദുർഘടം കുറഞ്ഞ വഴികളാണവ പലതും. യാത്ര സുഖപ്രദമാണെന്ന് തോന്നുകയും ചെയ്യും. എന്നാൽ ആത്യന്തികമായി ദുർഘടസ്ഥലത്താണത് എത്തിച്ചേരുന്നത്.

ഈ യാത്രയിൽ നമുക്ക് വഴികാട്ടികളായിട്ടുള്ളത് ഒന്നാമത് യേശുക്രിസ്തുവും രണ്ടാമത് തിരുവചനവുമാണ്. വേദപുസ്തകം നിറയെ ദിവ്യ നടത്തിപ്പുകളുടെ വിവരണമാണ് കാണുന്നത്. ദൈവം തന്റെ ജനത്തെ എങ്ങനെ വഴി നടത്തി എന്നുള്ളതിന് പറ്റിയ അനേകം ഉദാഹരണങ്ങൾ തിരുവചനത്തിൽ അടങ്ങിയിട്ടുണ്ട്. തന്റെ ശുശ്രൂഷകരെ വഴി നടത്തിക്കൊള്ളാമെന്നുള്ള അനേക വാഗ്ദത്തങ്ങളും തിരുവചനത്തിൽ അടങ്ങിയിട്ടുണ്ട്. ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന വാഗ്ദത്തം അത്തരത്തിലുള്ള ഒന്നാണ്. വളരെ വ്യക്തവും അതുപോലെ ഹൃദയസ്പർശിയുമായ ഒരു വാഗ്ദത്തമാണിത്. ദൈവം നടത്തുന്ന വഴികളെക്കുറിച്ചും രീതികളെക്കുറിച്ചും നടത്തിയ ആളുകളെക്കുറിച്ചും എല്ലാമുള്ള അറിവ് നമ്മിൽ ഓരോരുത്തർക്കും വളരെ പ്രചോദനം നൽകുന്നതാണ്. ധൈര്യവും പ്രത്യാശയും നൽകുന്നതാണ്.

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ദൈവിക നടത്തിപ്പുകളെക്കുറിച്ചുള്ള വാഗ്ദാനത്തെക്കുറിച്ച് അറിയുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിന്റെ പ്രാധാന്യതയെ ചോദ്യം ചെയ്യാൻ ആർക്കും ആവില്ല. കാരണം അനേകം വഴിത്തിരിവുകളുടെ മധ്യത്തിലാണ് ഒരു ക്രിസ്ത്യാനി ജീവിക്കുന്നത്. ഏതു വേണം എന്ന് തിരഞ്ഞെടുക്കുക വളരെ പ്രയാസമാണ്. ക്രോസ് റോഡുകൾ അനേകം. ഓരോ വഴിത്തിരിവിലും തീരുമാനമെടുക്കുക അത്ര എളുപ്പമല്ല. തെരഞ്ഞെടുക്കുന്ന വഴി ശരിയായിട്ടുള്ളതാണോ എന്നറിയുക എളുപ്പമല്ല. അതുകൊണ്ട് ദൈവനടത്തിപ്പ് അറിയേണ്ടത് ആവശ്യമാണ്. ദൈവത്തിനുമാത്രമേ നേർവഴി കാണിച്ചുതരാൻ സാധ്യമാകയുള്ളു. ദൈവത്തിന്റെ സഹായം അവിടെ വളരെ ആവശ്യമാണ്. 'യഹോവേ മനുഷ്യന് തന്റെ വഴിയും നടക്കുന്നവന് തന്റെ കാലടികളെ നേരെയാക്കുന്നതും സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു" (യെശ. 10:23) ദൈവിക നടത്തിപ്പ് നമുക്ക് വളരെ ആവശ്യമാണ്.

എല്ലാമതങ്ങളും നിത്യതയിലേക്കുള്ള വഴികാട്ടികളാണ് എന്നവകാശപ്പെടുന്നു. വളരെയേറെ നല്ല കാര്യങ്ങൾ എല്ലാ മതങ്ങളും ഉൾക്കൊള്ളുന്നുണ്ട്. പ്രകാശത്തിലേക്ക് വഴിപറഞ്ഞുതരുന്നവയാണ് മതങ്ങൾ. വഴി പറഞ്ഞുതരികയല്ല ഞാൻ വഴിയാണ് എന്നുപറഞ്ഞ യേശു. അതാണ് ലക്ഷ്യത്തിലേക്കുള്ള യഥാർത്ഥ വഴി.

സംഖ്യാ പുസ്തകത്തിൽ (35) സങ്കേത നഗരത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. ഒരാൾ ഒരുവനെ അവിചാരിതമായി കൊന്നുപോയാൽ അവനോട് കൊല്ലപ്പെട്ടവന്റെ കുടുംബത്തിൽപ്പെട്ടവരിലാരെങ്കിലും പ്രതികാരം ചെയ്യണം. ഈ നിയമം ഉടനടി നടപ്പാക്കണം. എന്നാൽ ഉടനെ നടപ്പാക്കാതെയിരിക്കുവാനുള്ള പഴുതുകളുമുണ്ട്. സങ്കേത നഗരത്തിൽ പ്രവേശിച്ച് രക്ഷപെടാം. പഴയ തിരുവിതാംകൂറിന്റെ വലുപ്പമുള്ള പലസ്തീനിൽ കിഴക്ക് മൂന്നും പടിഞ്ഞാറ് മൂന്നും സങ്കേത നഗരങ്ങളുണ്ട്. ഇതിൽ ഏതിലെങ്കിലും ഒന്നിൽ കയറിയാൽ അവൻ സുരക്ഷിതനാണ്. അവിചാരിതമായി ഒരുവൻ കുറ്റം ചെയ്തുപോയാൽ പിന്നെ അവന്റെ ശ്രമം സങ്കേത നഗരങ്ങളിലൊന്നിൽ എത്തിച്ചേരുന്നതിനാണ്. അവന്റെ ജീവനെ സംബന്ധിച്ചിടത്തോളം സങ്കേത നഗരം വളരെ പ്രധാനമാണ്. ഒരു ജീവന്മരണപോരോട്ടമാണിവിടെ. സങ്കേത നഗരത്തിൽ പ്രവേശിച്ചാൽ ജീവൻ അല്ലെങ്കിൽ മരണം. സങ്കേത നഗരത്തിലേക്കുള്ള വഴി അറിയാമെങ്കിൽ ജീവൻ അല്ലാത്തപക്ഷം മരണം. ദൈവത്തെ സങ്കേതമായി പലയിടത്തും വിവരിച്ചിട്ടുണ്ട്. 'ദൈവം നമ്മുടെ സങ്കേതവും ബലവും' നാം ഈ ലോകത്തിൽ മരണ താഴ്വരയിലാണ്. സങ്കേതം ആവശ്യമായ മനുഷ്യനും സങ്കേതം വാഗ്ദാനം ചെയ്ത ദൈവവും. സങ്കേതം എവിടെ എന്നു ഭയന്നോടുന്ന മനുഷ്യന് സങ്കേത നഗരത്തിലേക്കുള്ള വഴി വളരെ പ്രധാനമാണ്. ആ വഴി യേശുവാണ്. സമാധാനത്തിലേക്കും സുരക്ഷിതത്വത്തിലേക്കുമുള്ള വഴി യേശുമാത്രം. ഈ വഴിയാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്. എന്നാൽ ഈ വഴികൾ വ്യവസ്ഥകൾക്കു വിധേയമാണ്. ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന വാഗ്ദത്തത്തിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് ദൈവത്തിന്റെ ഭാഗവും മറ്റൊന്ന് നമ്മുടെ ഭാഗവും. നിങ്ങൾ നിങ്ങളുടെ ഭാഗം നിറവേറ്റിയാൽ ഞാൻ എന്റെ ഭാഗം നിറവേറ്റും എന്നുള്ളതാണ് വാഗ്ദത്തം.

I. ദൈവത്തിന്റെ ഭാഗം- ദൈവിക നടത്തിപ്പ് എന്ന വാഗ്ദത്തം

'അവൻ നിന്റെ പാതകളെ നേരെയാക്കും'. അസ്ഥിരമായ പല കാര്യങ്ങൾ ലോകത്തിലുണ്ട്. അനിശ്ചിതത്വത്തിലാണ് പലതും.ഇക്കാര്യം വളരെ സുനിശ്ചിതമാണ്. അതായത് നിങ്ങൾ നിങ്ങളുടെ

ഭാഗം നിറവേറ്റിയാൽ ദൈവം തന്റെ ഭാഗം നിശ്ചയമായും നിവർത്തിക്കും. ഇവിടെ മൂന്ന് കാര്യങ്ങൾ ശ്രദ്ധേയമാണ്.

1. ജീവിത യാത്ര വ്യക്തിഗതമാണ്

'നിന്റെ' 'അവൻ' എന്നീ വാക്കുകൾ ഇക്കാര്യം സൂചിപ്പിക്കുന്നു. വളരെ വ്യക്തിഗതമായുള്ള പ്രസ്താവന. ജീവിതയാത്രയിൽ ദൈവം നേരിട്ടുതന്നെ ശരിയായ വഴിയിൽ നിന്നെ നടത്തുമെന്നും സുരക്ഷിതനായി നിത്യതയിൽ നിന്നെ എത്തിക്കുമെന്നും അതിന് ദൈവം വളരെ ആഗ്രഹിക്കുന്നുവെന്നുമുള്ള വാഗ്ദത്തം എത്രയോ മനോഹരമാണ്. ധൈര്യസംദായകമാണ്. സങ്കേത നഗരത്തിൽ സുരക്ഷിതത്വത്തിൽ നിന്നെ ആക്കും. അരക്ഷിതമായ ജീവിതാവസ്ഥയിൽ കഴിയുന്ന മനുഷ്യ സമൂഹത്തിന് ഇതെത്ര ആശ്വാസദായകം. ഇന്ന് അനേകരും അരക്ഷിതാവസ്ഥയിലല്ലേ? 'പാതകളെ നേരെയാക്കും' എന്നു പറയുമ്പോൾ നമ്മുടെ യാത്രയിൽ എത്രത്തോളം കുഴച്ചിലുകളെ നാം നേരിടേണ്ടതായിട്ടുണ്ട് എന്നു കാണുന്നു. ജീവിതയാത്രയിൽ അനേകം കടമ്പകൾ കടക്കേണ്ടതായി വന്നുകൂടും. അങ്ങനെയുള്ള കുഴച്ചിലുകൾ ഉണ്ടെന്നുള്ള കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു. 'ചിലപ്പോൾ ഒരു വഴി മനുഷ്യന് ചൊവ്വായിത്തോന്നും. അതിന്റെ അവസാനമോ മരണവഴികൾ തന്നെ' (സദൃ. 14:12). അങ്ങനെയാണല്ലോ അനേകർ നാശവഴിയിൽ ചെന്നു ചേരുന്നത്. കണ്ടാൽ എളുപ്പമുള്ളതും സുഗമവുമാണെന്നു തോന്നാം. എന്നാൽ ആത്യന്തികമായി നിത്യനാശത്തിലെത്തിക്കും. ദൈവം പറയുന്നു നിന്റെ വഴികളെ ഞാൻ നേരെയാക്കുമെന്നും ശരിയായ മാർഗ്ഗത്തിൽ നിന്നെ നയിക്കുമെന്നും യിസ്രായേൽ ജനതയുടെ പ്രയാണത്തിൽ 'അവർ പകലും രാവും യാത്ര ചെയ്യാൻ തക്കവണ്ണം വഴികാണിക്കേണ്ടതിന് പകൽ മേഘസ്തംഭത്തിലും അവർക്ക് വെളിച്ചം കൊടുക്കേണ്ടതിന് രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്ക് മുമ്പായി പൊയ്ക്കൊണ്ടിരുന്നു' (പുറ. 13:21). ദൈവത്തിന്റെ വഴികൾ എത്ര മനോഹരം! അവൻ സൗമ്യത ഉള്ളവരെ ന്യായത്തിൽ ന്യായത്തിൽ നടത്തുന്നു. സൗമ്യതയുള്ളവർക്ക് തന്റെ വഴി പഠിപ്പിച്ചു കൊടുക്കുന്നു' (സങ്കീ. 25:9). (തുടരും)

കടപ്പാട്

STATEMENT ABOUT OWNERSHIP

Form No. 4

1. Place of Publication	:	Tiruvalla
2. Periodicity of Publication	:	Monthly
3. Printer's Name	:	Thomas Varghese
4. Nationality	:	Indian
5. Address	:	Suviseshaprakasini, Manjadi P.O., Tiruvalla - 689105
6. Publisher's Name	:	Thomas Varghese
7. Nationality	:	Indian
8. Address	:	Suviseshaprakasini, Manjadi P.O., Tiruvalla - 689105
9. Chief Editor's Name	:	Thomas Varghese
10. Nationality	:	Indian
11. Address	:	Suviseshaprakasini, Manjadi P.O., Tiruvalla - 689105
12. Name and Address of individuals Who own the newspaper	:	Suviseshaprakasini Publication, Manjadi P.O., Tiruvalla - 689105

I, Thomas Varghese hereby declare that particulars given above are true to the best of my knowledge and belief.

Sd/-

Thomas Varghese

നിത്യതയിൽ

സേവിനി. എം. ലീലാമ്മ (72) കൈതക്കോട്

കൈതക്കോട് മുകളുവിള വീട്ടിൽ സേവിനി എം. ലീലാമ്മ 2020 ഡിസംബർ 22 ന് മഹത്വത്തിലേക്ക് പ്രവേശിച്ചു. സഭയുടെ സ്ത്രീജനപ്രവർത്തന ബോർഡിനോട് ചേർന്ന് സേവിനിയായി ദീർഘകാലം വിവിധയിടങ്ങളിൽ ഫലപ്രദമായ ശുശ്രൂഷ നിർവ്വഹിച്ചു. കഴിഞ്ഞ ഏതാനും വർഷങ്ങളായി രോഗബാധിതയായി ചികിത്സയിലായിരിക്കുകയും തുടർന്ന് ഭവനത്തിൽ വിശ്രമിച്ചു വരികയുമായിരുന്നു. കൊച്ചമ്മയുടെ ശുശ്രൂഷ ക്രിസ്തുവിൽ തികഞ്ഞ പ്രാഗത്ഭ്യത്തോടും ദൈവവിളിക്കനുസരണത്തോടും സമ്പൂർണ്ണ സമർപ്പണത്തോടും കൂടിയത് ആയിരുന്നു. സംസ്ക്കാര ശുശ്രൂഷ 2020 ഡിസംബർ 23 ന് ബിഷപ്പ് ഡോ. എം.കെ. കോശിയുടെ നേതൃത്വത്തിൽ നടത്തി. പ്രിസൈഡിംഗ് ബിഷപ്പ്. മോസ്റ്റ് റവ. ഡോ. തോമസ് ഏബ്രഹാം, ബിഷപ്പ്. റൈറ്റ്.റവ. ഡോ. ഏബ്രഹാം ചാക്കോ, റവ. ഏബ്രഹാം ജോർജ്ജ് സഭാ സെക്രട്ടറി, മിസ്സിസ് സൂസൻ കുരുവിള (സ്ത്രീജനപ്രവർത്തന ബോർഡ് സെക്രട്ടറി) ഇടവക വികാരി റവ. വൈ. ശാമുവേൽ തുടങ്ങിയവർ ഭവനത്തിലെത്തി അനുശോചനം അറിയിച്ചു. റവ. ടോണി തോമസ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

റെയ്ച്ചൽ വർഗീസ് (80)പുത്തൻകാവ്

പുത്തൻകാവ് ഇടവകയിൽ മേലേപ്പുറത്ത് പരേതനായ തര്യൻ വർഗീസിന്റെ സഹധർമ്മിണി റെയ്ച്ചൽ വർഗീസ് 2020 ഡിസംബർ 27 ഞായറാഴ്ച നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാരം 2020 ഡിസംബർ 28 തിങ്കളാഴ്ച ഇടവക സെമിത്തേരിയിൽ നടത്തപ്പെട്ടു. ബിഷപ്പ്. ഡോ. എം.കെ.കോശി യുടെ നേതൃത്വത്തിൽ നടന്ന ശുശ്രൂഷയിൽ ഇടവക വികാരി റവ. പി.റ്റി.മാത്യു, സഭയിലെ പട്ടക്കാർ, സുവിശേഷകർ, സേവിനിമാർ, മറ്റ് സഭകളിലെ ശുശ്രൂഷകർ, ഇടവക ജനങ്ങൾ, ബന്ധുമിത്രാദികൾ, രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കണമേ. മക്കൾ : എബി വർഗീസ് (ദുബായ്) ബാവ (ഏബ്രഹാം വർഗീസ്).

അന്നമ്മ വർഗീസ് (86) കറ്റംകോട്

കറ്റംകോട് ഇടവകയിൽ പുത്തൻപുരയിൽ പരേതനായ സി. പി. വർഗീസിന്റെ ഭാര്യ അന്നമ്മ വർഗീസ് 13-11-2020 വെള്ളിയാഴ്ച താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. ഇടവക വികാരി റവ. കെ.എസ് തോമസ്, മറ്റ് പട്ടക്കാർ, സുവിശേഷകർ, എന്നിവരുടെ നേതൃത്വത്തിൽ നടന്ന ശവസംസ്ക്കാര ശുശ്രൂഷയിൽ സേവിനിമാർ, ഇടവക ജനങ്ങൾ, ബന്ധുമിത്രാദികൾ, സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്നുള്ളവരുമായി അനേകം പേർ സംബന്ധിച്ചു. കറ്റംകോട് മുട്ടത്ത് കുടുംബാംഗമാണ്. മക്കൾ: വത്സ, പി.വി.ബാബു, ഷീല, ബീന, സുജ മരുമക്കൾ: പരേതനായ പൗലോസ്, ലിസി, വർക്കി, സാജു, സജി വർഗീസ്.

രാജു മത്തായി (70) വെട്ടിയാർ സൗത്ത്

വെട്ടിയാർ സൗത്ത് ഇടവകയിൽ ലിജു ഭവനിൽ രാജു മത്തായി (70) 6-01-2021 ബുധനാഴ്ച നിത്യതയിൽ പ്രവേശിച്ചു. ജനുവരി 8-ാം തീയതി നടന്ന സംസ്ക്കാര ശുശ്രൂഷയിൽ സമീപ ഇടവകകളിൽ നിന്നും ധാരാളം പേർ പങ്കെടുത്തിരുന്നു. പ്രിസൈഡിംഗ് ബിഷപ്പ്.മോസ്റ്റ്. റവ. ഡോ. തോമസ് ഏബ്രഹാം രാവിലെ ഭവനത്തിൽ എത്തി പ്രാർത്ഥന നടത്തി. ഇടവക വികാരി റവ. പ്രകാശ് മാത്യു അച്ചന്റെ നേതൃത്വത്തിൽ നമ്മുടെ സഭയിലെയും സഹോദരി സഭകളിലെയും അനേക

ശാലോം ഭവൻ, വെല്ലൂർ

ഏറെ നാളുകളുടെ പ്രാർത്ഥനയുടെ മറുപടിയായി ശാലോം ഭവൻ Phase 1 കെട്ടിടം പണിക്കുള്ള ഗവൺമെന്റ് അനുമതി ഫെബ്രുവരി 3-ാം തീയതി ലഭിക്കുകയുണ്ടായി.

ദൈവകൃപയാൽ കെട്ടിടത്തിന്റെ ശിലാസ്ഥാപനം ഫെബ്രുവരി 20 -ാം തീയതി വൈകുന്നേരം 5 മണിക്ക് സഭയുടെ പ്രിസൈഡിംഗ് ബിഷപ്പ് അഭിവന്ദ്യ മോസ്റ്റ്.റവ. ഡോ. തോമസ് ഏബ്രഹാം തിരുമേനി പ്രാർത്ഥിച്ച് അഭിവന്ദ്യ എ.ഐ. അലക്സാണ്ടർ തിരുമേനി നിർവ്വഹിച്ചു. കെട്ടിടം പണി നടന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ 5 വർഷക്കാലം ഒരു ഇരുനില വാടക കെട്ടിടത്തിൽ 530 കുടുംബങ്ങളെ അവരുടെ പ്രിയപ്പെട്ടവരെ രോഗ അവസ്ഥയിൽ കരുതുവാൻ ദൈവം നമ്മെ സഹായിച്ചു. വാടക കെട്ടിടത്തിൽ തുടരുവാനുള്ള പരിമിതി നമുക്കുണ്ട്. ഈ കെട്ടിടം വേഗത്തിൽ ഒഴിഞ്ഞ് കൊടുക്കണം എന്ന് ഉടമസ്ഥൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനാൽ എത്രയും പെട്ടെന്ന് തന്നെ പുതിയ കെട്ടിടം പണി പൂർത്തിയാക്കി അതിൽ പ്രവർത്തനം തുടരേണ്ടിയിരിക്കുന്നു.

Phase 1 കെട്ടിടത്തിന്റെ വിശദാംശങ്ങൾ ശ്രദ്ധിച്ചാലും: Chapel, 8 standard rooms, 2 deluxe rooms, 1 dormitory, office , manager room, 2 common kitchen, lift, solar energy, organic garden, borewell. ഇതിനോടകം കെട്ടിടം പണിയുടെ ആവശ്യത്തിലേക്കായി സാമ്പത്തികമായി സഹായിച്ച എല്ലാ പ്രിയപ്പെട്ടവരോടും നന്ദി അറിയിക്കുന്നു. കെട്ടിടം പണിയുടെ പൂർത്തീകരണത്തിനായി ഇനിയും 80 ലക്ഷം രൂപയുടെ ആവശ്യം ഉണ്ട്. നിങ്ങളുടെ ഏവരുടെയും പ്രാർത്ഥനയും ഉദാരമായ സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു. വേദനയിലും ഭാരത്തിലും CMC ഹോസ്പിറ്റലിൽ ചികിത്സയ്ക്കായി എത്തുന്നവരുടെ ആശ്വാസത്തിനും വിടുതലിനുമായി നിങ്ങളുടെ കൈത്താങ്ങൽ വളരെ ആവശ്യമാണ്.

''ക്രിസ്തുവിന്റെ കരുതുന്ന കരങ്ങൾ'' (By the caring hands of Christ) എന്ന ശാലോം ഭവന്റെ ആപ്തവാക്യം ഏവരുടെയും പങ്കാളിത്വത്തോടെ കൂടുതലായി നിറവേറ്റപ്പെടട്ടെ.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

Rev. Dr. Finney Alexander
Honorary Director,
Shalom Bhavan Vellore
Ph:9894762201

പട്ടക്കാരുടെ സഹകരണത്തിൽ ഭവനത്തിലെയും പള്ളിയിലെയും ശുശ്രൂഷയ്ക്കുശേഷം ഇടവക സെമിത്തേരിയിൽ സംസ്ക്കാരം നടത്തി. പരേതൻ ഇടവക സെക്രട്ടറി, അത്മായ ശുശ്രൂഷകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: ലിസ്സി രാജു, മക്കൾ: ലിജു, ഡയാനാ, മരുമക്കൾ: ഷിബു മാത്യു, ജിനു ജോർജ്ജ്. ദുഃഖത്തിലിരിക്കുന്ന കുടുംബത്തിനുവേണ്ടി പ്രാർത്ഥിക്കണമേ.

THE OLD GREY FOUNDATION STONE

Once there was a stone
Grey, rugged and beauty- less.
T'would sit there all day and moan
"I am just a stone, in nature useless".

But cameth one fine day
When that old stone was taken up
And on it was carved a cross
And it thought," What's up?"

It was then carried in hand
And set upon a table
In the midst of a great brown land
Near a square shaped hole

That old stone, didn't understand
Why he was carried with such respect
And people saw him with awe in their faces
And then came a moment he didn't expect.

An old, pink robed, kind faced bishop
Took the old stone in his hands
Laid his hands on it and blessed it
And then, on the ground it gently lands

At first, the stone was quite perplexed
At all this that happened to it
And then excitement flooded over him
And his old, grey face lit

Said the stone," Now I realise
I ain't useless no more
I mark the beginning of a great project
I am the foundation, on this floor!"

Yes friends, you guessed it
This old, grey cross- marked stone
Marked the foundation of Shalom Bhavan
STECI's new care home.

(Poem written by Master. Andrew Jacob, aftermath of ceremony)

With Best Compliments from

A Well Wisher

Amalloor-Thiruvalla Parish

പരസ്യങ്ങൾ കുറഞ്ഞ നിരക്കിൽ
(our members only)

Back Cover Page -Rs.4000/- per insertion

Back Inside Cover- Rs.3000/- per insertion

Front Inside Cover- Rs. 3000/- per insertion

Cover pages പൂർണ്ണമായതിനുശേഷം
inner B/W or colour pages ഉപയോഗിക്കും.

Quarter page - Rs. 750/- per insertion

Half page - Rs.1500/- , Full Page- Rs.2500/-

ആശംസകൾ, അനുമോദനങ്ങൾ, ഇടവകസംബന്ധമായ മാറ്ററുകൾ,
വിവാഹ വാർഷികം മുതലായവ ഉൾപ്പെടുത്താവുന്നതാണ്.

RNI REG. NO. KERBIL/2000/03133

Date of Publication: 04. 03. 2021
Subscription Rs. 100 (Per year)
Rs. 1400 (for 15 years)
Single Copy Rs. 10

RNI REG. NO. KERBIL/2000/03133

'Registered' No. KL/TLA/104/2021-23
Licenced to post without pre-payment
Licence No. KL/TLA/WPP/115/2021-23

Bishop. A.I.Alexander laying foundation stone of Shalom Bhavan (phase-1)

Published by Thomas Varghese, Printed by Thomas Varghese, On behalf of Suvisesha Prakasini
Publication and Printed at Puthethu Offset Printing Press Chengannur, 689 124,
Kerala and Published from Manjadi, Thiruvalla, Editor Thomas Varghese